2025 SEPTEMBER 7

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com Phone: 917 324 4907; 917 662 1122



# നഗരങ്ങളിലെങ്ങും ഓണാഘോഷം അഭൂതപൂർവമായ തിരക്ക്





## അരുന്ധതി റോയിയുടെ 'മദർ മേരി കംസ് ടു മി'


MALABAR
GOLD & DIAMONDS
Pay
10%
ADVANCE
& BLOCK THE GOLD RATE
ADVANCE VALID TILL 19TH OCTOBER 2025
GET A
FREE DIAMOND
GIFT VOUCHER
WORTH USD 50
ON FIRST BOOKING UNTIL
28TH SEPTEMBER 2025
*T&C APPLY

# നാട്ടിലും സദ്യ നൽകി ഓണത്തിന്റെ 50 വർഷങ്ങൾ; വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ മാതൃക



ന്യൂ യോർക്ക്: അഭൂതപൂർവമായ ജനപങ്കാളിത്തത്തോടെ 50 ഓണങ്ങൾ ഉണ്ടും കേരള തനിമയിൽ ആഘോഷങ്ങൾ സംഘടിപ്പിച്ചും വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ ചരിത്രത്തിലേക്ക് ചുവടു വച്ചു.

എക്കാലവും അമേരിക്കയിലെ ഏറ്റവും വലിയ ഓണഘോഷങ്ങളിലൊന്നിന് ആതിഥ്യം വഹിച്ചിട്ടുള്ള സംഘടനയുടെ ചരിത്രത്തിനു പൊൻ തൂവലായി പോർട്ട് ചെസ്റ്റർ ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ പ്രസിഡന്റ് തോമസ് കോശി-സെക്രട്ടറി നിരീഷ് ഉമ്മൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഇത്തവണത്തെ ആഘോഷം. സദ്യയും മികച്ച കലാപരിപാടികളും വേറിട്ടതായി. ടെറൻസൺ തോമസ്, ആന്റോ വർക്കി എന്നിവരായിരുന്നു ആഘോഷങ്ങളുടെ കോർഡിനേറ്റർമാർ.

അത്തപ്പൂക്കളവും, തിരുവാതിരകളിയും, പുലിക്കളിയും അങ്ങനെ കേരളത്തിലെ ഓണത്തിന്റെ എല്ലാ ആഘോഷങ്ങളും കേരള തനിമയോടെ ആഘോഷിച്ചുവെന്നതായിരുന്നു ശ്രദ്ധിക്കപ്പെട്ടത്.

ആഘോഷം ഇവിടെ പൊടിപൊടിക്കുമ്പോൾ നാട്ടിൽ അനാഥാലയങ്ങളിൽ വസിക്കുന്ന 5000 പേർക്ക് ഓണ സദ്യ നൽകിക്കൊണ്ട് ഓണത്തിന്റെ മഹത്തായ സന്ദേശം പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ട് സംഘടന മാതൃകയും സൃഷ്ടിച്ചു.

അമേരിക്കയിൽ അൻപത് വർഷം പിന്നിടുന്ന ചുരുക്കം സംഘടനകളിൽ ഒന്നാണ് വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ. ആ ചരിത്രത്തിന്റെ സാക്ഷ്യം വഹിക്കുന്നത് കൂടിയായിരുന്നു ഇത്തവണത്തെ ആഘോഷം. സംഘടനക്ക് 1975 ൽ തിരികൊളുത്തിയ ആദ്യ പ്രസിഡന്റ് അന്തരിച്ച എം.വി. ചാക്കോയുടെ പത്നി മേരി ചാക്കോയേയും അന്തരിച്ച മുൻ പ്രസിഡന്റ് കൊച്ചുമ്മൻ ജേക്കബിന്റെ പത്നി


SPECTRUM
AUTO
Exceeding Perfection
SPECTRUM AUTO INC
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS I-CAR
PLATINUM I-CAR
5.0 average rating
OEM CERTIFICATIONS
HONDA CERTIFIED
HYUNDAI
RAM
INFINITI
ACURA CERTIFIED
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
GT R CERTIFIED COLLISION REPAIR PROVIDER
FORD CERTIFIED COLLISION NETWORK
gm COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994



അന്നമ്മ ജേക്കബിനെയും വേദിയിൽ ആദരിച്ചത് ഏറെ ശ്ളാഘനീയമായി.

സദ്യ തന്നെ ആയിരുന്നു കേമൻ. ആബാലവൃദ്ധം ജനങ്ങൾ ഓണരുചി നുകരാൻ പതിനൊന്നു മണിമുതൽ എത്തിക്കൊണ്ടിരുന്നു. വിശാലമായ ഭക്ഷണ ഹാളിൽ തിരക്കോടു തിരക്ക്. ഭക്ഷണം വിളമ്പാൻ ഒരു സംഘം പേർ അണിനിരന്നു.

ഒരു മണിയോടെ മഹാബലിയെ ആനയിച്ചുള്ള ഘോഷയാത്ര സ്കൂളിന്റെ മുറ്റത്ത് നിന്ന് ആരംഭിച്ചു. ചെണ്ടമേളവും ശിങ്കാരി മേളത്തോടും കുടി താലപ്പൊലിയുമായി മാവേലി തമ്പുരാനെ വരവേറ്റു. ചെണ്ടമേളവും താലപ്പൊലിയും പരിവാരങ്ങളുമായി മഹാബലി വേദിയിൽ എഴുന്നെള്ളിയതോടെ സമ്മേളനം ആരംഭിച്ചു.

മഹാബലിയുടെ ആശംസക്കു ശേഷം സെക്രട്ടറി ആമുഖ പ്രസംഗം നടത്തുകയും അധ്യക്ഷ പ്രസംഗത്തിനായി പ്രസിഡന്റ് തോമസ് കോശിയെ ക്ഷണിക്കുകയും ചെയ്തു. ഓണാഘോഷത്തിന്റെ പ്രസക്തിയും സംഘടനയുടെ പ്രവർത്തനവും വിവരിച്ച തോമസ് കോശി സംഘടന സുവർണ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ മുൻകാല നേതാക്കളെ അനുസ്മരിക്കുകയും അവരുടെ സേവനങ്ങൾക്ക് നന്ദി പറയുകയും ചെയ്തു . 'മലയാളി ലോകത്തെവിടെ പോയാലും കേരളം എന്ന വികാരം നമ്മിൽ നിന്ന് എടുത്തു കളയാൻ ആവില്ല. പുതിയ തലമുറയും ആവേശപൂർവമാണ് ഈ ഓണാഘോഷത്തിൽ പങ്കെടുക്കുന്നത് എന്നതിൽ അഭിമാനമുണ്ട്. ഇവിടെ നാം ഓണം ഉണ്ണുമ്പോൾ കേരളത്തിലെ അനാഥാലയങ്ങളിലെ 5000 പേർക്ക് ഭക്ഷ്യമെത്തിക്കാൻ കഴിഞ്ഞു. ചാരിറ്റി പ്രവർത്തനം നമ്മുടെ സിരകളിലുണ്ട്. സംഘടന എന്നും ചാരിറ്റി പ്രവർത്തനത്തിന് മുൻ നിരയിലുണ്ട്'- അദ്ദേഹം ചൂണ്ടിക്കാട്ടി.



സ്റ്റേറ്റ് സെനറ്റർ ഷെല്ലി മേയർ സമ്മേളനം ഉദ്ഘാടനം ചെയ്തു. മലയാളി സമൂഹവുമായുള്ള തന്റെ നല്ല ബന്ധം അവർ ചൂണ്ടിക്കാട്ടി. എല്ലാവർക്കും ഓണാശംസകളും നേർന്നു. വെസ്റ്ചെസ്റ്റർ കൗണ്ടി എക്സിക്യൂട്ടീവ് കെൻ ജെങ്കിൻസ് ആശംസകൾ നേരുകയും അവാർഡുകൾ സമ്മാനിക്കുക്കയും ചെയ്തു. കൗണ്ടിയുടെ ചരിത്രത്തിലെ ആദ്യ ആഫ്രിക്കൻ അമേരിക്കൻ എക്സിക്യൂട്ടീവ് ആയ അദ്ദേഹം ഇന്ത്യൻ സമൂഹവുമായി നല്ല ബന്ധം തുടരുന്നതായി ചൂണ്ടിക്കാട്ടി .

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ ആശംസയിൽ സംഘടന നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടി. ഫൊക്കാനയുടെ പ്രിവിലേജ് കാർഡുകകളുടെ ഗുണങ്ങളും അദ്ദേഹം വിവരിച്ചു. കേരളത്തിലെ വൻകിട ആശുപത്രികളിൽ ചികിത്സക്ക് ഡിസ്കൗണ്ട് ലഭിക്കുന്ന ഗോൾഡൻ കാർഡ്, എയർപോർട്ടിലെ ഡ്യൂട്ടി ഫ്രീ

യിൽ ഡിസ്കൗണ്ട് ലഭിക്കുന്ന പ്രിവിലേജ് കാർഡ് എന്നിവ ഏറെ പ്രയോജനപ്രദമാണ് . അടുത്ത വർഷം പോക്കനോസിലെ കൽഹാരിയിൽ നടക്കുന്ന കണ്വൻഷനിലേക്കും ഏവരെയും ക്ഷണിച്ചു.

ഫോമാ ആർ.വി.പി. പി.ടി. തോമസ് നടത്തിയ ആശംസയിൽ ഫോമായുടെ വിവിധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടി. അടുത്ത ജനുവരിയിൽ നടക്കുന്ന കേരള കൺ വൻഷനിലേക്കും ഹ്യൂസ്റ്റനിൽ നടക്കുന്ന കണ്വൻഷനിലേക്കും അദ്ദേഹം ഏവരേയും ക്ഷണിച്ചു.

നിലവിളക്കു കൊളുത്തുന്ന ചടങ്ങിൽ സംഘടനാ നേതാക്കൾക്ക് പുറമെ ഫൊക്കാന, ഫോമാ നേതാക്കൾ, ഫൊക്കാന ഇന്റർനാഷണൽ കോർഡിനേറ്റർ പോൾ കറുകപ്പള്ളി, റോയി ചെങ്ങന്നൂർ, റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ളേറ്റർ ഡോ. ആനി പോൾ, മെഗാ സ്പോൺസർ നോവ ജോർജ് (ഗ്ലോബൽ കൊളീഷൻ), ജിതിൻ വർഗീസ്, ഹാരി സിംഗ് തുടങ്ങിയവർ പങ്കെടുത്തു.

മുൻ പ്രസിഡന്റുമാരായ കെ.ജെ. ഗ്രിഗറി (1986), എ.വി. വർഗീസ് (1999, 2007) എന്നിവർക്കും ലൈഫ് ടൈം അവാർഡ് നൽകി ആദരിച്ചു. മാവേലിയായി വേഷമിടുന്ന രാജ് തോമസ്, ഭാര്യ ഏലമ്മ രാജൻ എന്നിവരെയും ആദരിച്ചു. അലക്സാണ്ടർ വർഗീസ് നന്ദി പറഞ്ഞു.



തുടർന്ന് നടന്ന കലാപരിപാടികൾ ഒന്നിനൊന്നു മികവ് പുലർത്തി. വെസ്റ്റ്ചെസ്റ്റർ ഏഞ്ചൽസ് അവതരിപ്പിച്ച തിരുവാതിര ഏറെ ഹൃദ്യമായി.

ശബരിനാഥൻ നായർ, വേദ ശബരി എന്നിവർ ഗാനങ്ങൾ ആലപിച്ചു. ലാൽ അങ്കമാലിയുടെ ഷോ ഏറെ കയ്യടി നേടി.

ലിസ ജോസഫിന്റെ നേതൃത്വത്തിലുള്ള നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസിന്റെ നൃത്തത്തിൽ ജ്വാല, അരാത്രിക, കാവ്യ, ആദ്യ ഗിരീഷ്, ആദ്യ നായർ, അൻവി, തെരേസ എന്നിവർ സദസിന്റെ ഹൃദയം കവർന്നു.

സാത്വിക ഡാൻസ് അക്കാദമിയുടെ നൃത്തത്തിൽ ദേവിക നായർക്കൊപ്പം എമ്മ പോൾ, മഡലിൻ വറുഗീസ്, ആനി മേരി ജോർജ്, അവേരി തോമസ്, ഗിരീഷ്മ ഗണേഷ് നായർ, കെസിയ സജി, സാറാ ജോർജ്, ഡയാൻ സക്കറിയാസ് എന്നിവർ സദസിന്റെ മനം കവർന്നു.

വെസ്റ്റ്ചെസ്റ്റർ ഏഞ്ചൽസിന്റെ മാർഗംകളിയിൽ നമിത ബാബു, നീതു ചെറിയാൻ, നിത ആൻ എബ്രഹാം, സുനിത തോമസ്, മിനി എബ്രഹാം, സ്വീറ്റി ജോൺ, ഹെലൻ പൗലോസ്, മിലൻ പൗലോസ്, ഹെവന മാത്യു, ജിൻസി മേരി വർഗീസ് എന്നിവർ സദസിന്റെ നിലക്കാത്ത കൈയ്യടി നേടി .

കേരള നാടോടി/സിനിമാ നൃത്തം പരിപാടിയിൽ സിൻഷാ മേരി വർഗീസ്, സെലൻ സൂസൻ പൗലോസ് എന്നിവർ ശ്രദ്ധ പിടിച്ചു പറ്റി

കെ ജെ ഗ്രിഗറിയും സംഘവും അവതരിപ്പിച്ച ഓട്ടം തുള്ളളിൽ അ.ഢ വർഗീസ്, ജോർജ്ജ് കുഴിയഞ്ഞാൽ എന്നിവരും പങ്കെടുത്തു സദസിനെ കയ്യിലെടുത്തു.

കടുവയെ പിടിച്ച കിടുവ എന്ന കോമഡി സ്കിറ്റിൽ ഹരിലാൽ നായർ, വിനിത വിജീഷ്, ശബരിനാഥ് എന്നിവർ ആയിരുന്നു അഭിനേതാക്കൾ.

ഓണഘോഷം വിജയപ്രദമാക്കുവാൻ പ്രസിഡന്റ് തോമസ് കോശി, സെക്രട്ടറി നിരീഷ് ഉമ്മൻ, ട്രഷറർ അലക്സാണ്ടർ വർഗീസ്, വൈസ് പ്രസിഡന്റ് ഏലമ്മ രാജ് തോമസ്, ജോ. സെക്രട്ടറി ജോ ഡാനിയേൽ, ജോ. ട്രഷർ മോളമ്മ വർഗീസ്, ട്രസ്റ്റി ബോർഡ് ചെയർ കെ .ജെ .ഗ്രിഗറി , കോർഡിനേറ്റേഴ്സ് ആയ ടെറൻസൺ തോമസ്, ആന്റോ വർക്കി എന്നിവർ നേതൃത്വം നൽകി.












































PRESIDENTS FROM 1975








India Press Club of North America
IPCNA
India Press Club of North America
SHERATON
'The largest bulb on the planet - located in Edison, NJ'
11th
INTERNATIONAL
MEDIA
CONFERENCE
2025
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# അമ്മയുടെ അസുരവിത്ത്, അരുന്ധതിയുടെ അഹങ്കാരം മേരി



(കുര്യൻ പാമ്പാടി)

അമ്മയുടെ അസുരവിത്തായി പിറന്നു പ്രതീക്ഷകൾക്കെതിരെ നീന്തിയിട്ടും മേരി റോയിയെപ്പോലൊരു അമ്മ തനിക്കും അരുന്ധതിയെപ്പോലൊരു എഴുത്തുകാരിയെ അമ്മയ്ക്കും കിട്ടിയത് മഹാഭാഗ്യമാണെന്നു 'മദർ മേരി കംസ് ടു മി' എന്ന ആത്മകഥാനോവലിൽ വിശ്വോത്തര ആക്ടീവിസ്റ്റ്-എഴുത്തുകാരി ആശ്വസിക്കുന്നു.

ബുക്കർ സമ്മാനം കിട്ടിയ 'ദി ഗോഡ് ഓഫ് സ്മാൾ തിങ്ങ്സ്' എന്ന ആദ്യകൃതി ഇറങ്ങി 28 വർഷത്തിനു ശേഷം എഴുതിയ ആത്മകഥ, കഴിഞ്ഞ കാലമത്രയും എഴുതിക്കൊണ്ടിരിക്കുകയായിരുന്നുവെന്നു 61 എത്തിയ അരുന്ധതി റോയി പറയുന്നു. പുസ്തകത്തിന്റെ പ്രകാശനം നൂറു തികഞ്ഞ എറണാകുളം സെന്റ് തെരേസാസ് കോളജിന്റെ മദർ മേരി ഹാളിൽ ചൊവ്വാഴ്ച്ച വൈകുന്നേരം നിറഞ്ഞ സദസിൽ നടന്നു.





തന്നെ വേണ്ടെന്നു വച്ച് ഗർഭഛിദ്രം നടത്താൻ ആഗ്രഹിച്ച ആളായിരുന്നു അമ്മയെന്ന് അരുന്ധതി തുറന്നു പറയുന്നു. അങ്ങിനെ






മനസില്ലാമനസോടെ പ്രസവിച്ച അമ്മ എപ്പോഴും എന്നെ ശകാരിക്കുകയും അലറി വിളിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ സമൂഹത്തിന്റെ എല്ലാ തിന്മകളോടും ക്ഷോഭത്തോടെ പ്രതികരിക്കാൻ അരുന്ധതിയെ പ്രാപ്തയാക്കിയത് ആ അമ്മയാണ്.

മോവോയിസ്റ്റുകളോട് കൂട്ടുകൂടി, കാശ്മീറിലെ തീവ്രവാദികൾക്ക് വേണ്ടി സംസാരിച്ചു, ഹിജിഡകളുടെ പക്ഷം പിടിച്ചു, അണ്വായുധങ്ങളെയും യുദ്ധങ്ങളെയും എതിർത്തു, മേധാ പട്കരോടു ചേർന്ന് നർമ്മദാ അണക്കെട്ടിനെതിരെ സമരമുഖം തീർത്തു, മോദിയെയും ട്രമ്പിനെയും ഒരുപോലെ സർവാധിപതികൾ എന്നാക്ഷേപിച്ചു, ജയിലിൽ കിടന്നു - ഇവയോക്കെയാണ് കഥാകാരിയുടെ രാഷ്ട്രീയ നിലപാടുകൾ. ചെറിയ പ്രായത്തിനുള്ളിൽ ലോകത്തിന്റെ ശ്രദ്ധയിൽ പെട്ടു. അമേരിക്കയെ കടന്നക്ഷേപിച്ചതുകൊണ്ടായിരിക്കാം നൊബേൽ സമ്മാനം കിട്ടാത്തത്!

ഇക്കൊല്ലം രാഷ്ട്രപതി മുർമു വന്നു ശതാബ്ദി പരിസമാപ്തിക്കു തയ്യാറെടുക്കുന്ന സെന്റ് തെരേസാസ് കോളജ് മൂന്നു തവണ സന്ദർശിച്ചിട്ടുണ്ട് അരുന്ധതി. ഒരിക്കൽ മദർ മേരി ഹാൾ എന്ന ചെറിയൊരു ബോർഡ് കണ്ണിൽ പെട്ടു. തനിക്കു പ്രിയപ്പെട്ട ബീറ്റിൽസ് ഗായകൻ പോൾ മക്കാർട്ടിനിയുടെ അമ്മയും മേരി ആയിരുന്നു. അങ്ങിനെ മൂന്നു മേരിമാരുടെ സംഗമവേദിയായി ആ ഹാൾ തെരഞ്ഞെടുത്തു.

സഹോദരി മേരി റോയിക്ക് സ്വത്തു നിഷേധിച്ച ആങ്ങള പാലത്തിങ്കൽ ജോർജ് ഐസക്കിനെതിരെ സുപ്രീം കോടതിൽ കേസ് നടത്തി ജയിച്ച് ആളാണ് അരുന്ധതിയുടെ അമ്മ. ഒടുവിൽ അടിയറവു പറഞ്ഞിട്ടും ബുധ്ധിമുട്ടിയപ്പോൾ സഹായത്തിനെത്തി ആ സാധ്വി. അമ്മ എന്ന അദ്ധ്യാപിക എങ്ങിനെ കോർപസ് ക്രിസ്റ്റി എന്ന പള്ളിക്കൂടം കെട്ടിപ്പടുത്തു എന്ന് ബ്രിക് ബൈ ബ്രിക് എന്ന മനോഹര ഗ്രൻഥം അക്കമിട്ടു നിരത്തുന്നു.

ഞായറാഴ്ച ന്യൂയോർക്ക് ടൈംസിന്റെ ഇന്റർവ്യൂ പംക്തിയിൽ ലുലു ഗാർസിയ നവാരോ എഴുതിയപ്പോൾ യുദ്ധ കലുഷിതമായ ലോകത്തു അരുന്ധതിയെപ്പോലൊരു പെൺകിടാവ് നടത്തുന്ന ഒറ്റയാൾ ഒരാട്ടങ്ങളെപ്പറ്റി എടുത്തു പറയുന്നു. മലയാള മനോരമയുടെ ഞായറാഴ്ചയിൽ ലീന ചന്ദ്രൻ ഡൽഹിയിലെത്തി നടത്തിയ അഭിമുഖവും ഇതേ വികാരം പങ്കു വയ്ക്കുന്നു. ഇന്ത്യ-യുഎസ് സംഘർഷം മൂർഛിച്ചു നിൽക്കുമ്പോൾ രണ്ടും ഒരേദിവസം വന്നത് ന്യൂയോർക് ആസ്ഥാനമായ പ്രസാധകർ പെൻഗ്വിൻ റാൻഡം ഹൗസിന്റെ വിപണന വിജയം. കേരളത്തിൽ അത് ഡിസി ബുക്സിന്റെയും.

ഓക്സ്ഫോർഡിൽ റോഡ്സ് സ്കോളർ ആയി പഠിച്ച അമ്മാവന് അരുന്ധതിയുടെ ആദ്യ രണ്ടു

കുതികളുടെ ഭാഗങ്ങൾ കാണാപ്പാഠമായിരുന്നു. അതൊക്കെ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തിരുന്നു. ഡൽഹിയിൽ ആർകിടെക്ച്ചർ പഠി ക്കുകയും ഇറ്റലിയിൽ ഇന്റേൺഷിപ് ചെയ്യുകയും ചെയ്ത അരുന്ധതിയെ അദ്ദേഹം ചേർത്തു പിടിക്കുന്നത് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ തൊട്ടടുത്തിരുന്നു കണ്ടത് ഓർമ്മിച്ചു പോകുന്നു.

പ്രിയപെട്ട വാസ്തു ശില്പി ലാറി ബേക്കറുടെ അനുസ്മരണ ചടങ്ങിനെത്തിയതാണ്അരുന്ധതി. സമൂഹത്തോട് പ്രതിബദ്ധതിയുള്ള നന്മ നിറഞ്ഞ കലാകാരൻ ആയിരുന്നു ബേക്കറെന്ന് അരുന്ധതി പറഞ്ഞു. കമ്മ്യൂണിസ്റ്റ് നേതാവ് സുരേഷ് കുറുപ്പ് ഉൾപ്പെടെയുള്ളവർ അരുന്ധതിയുടെ ഓട്ടോഗ്രാഫിനായി തിരക്കു കൂട്ടി.

ആസാമിലെ തേയിലത്തോട്ടത്തിൽ മാനേജരായിരുന്നു അച്ഛൻ രാജീബ് റോയ്. പക്ഷെ അമിതമായി മദ്യപിക്കും. അരുന്ധതിക്ക് മൂന്നും ലളിതിനു നാലരയും പ്രായമുള്ളപ്പോൾ രാജീബുമായയുള്ള ബന്ധം വേർപെട്ടു. എന്നിട്ടും കേരളത്തിലെ മദ്യവിമോചന കേന്ദ്രങ്ങളിൽ അച്ഛനെ ചികിൽസിപ്പിക്കാൻ മകൾ മുൻകൈ എടുത്തു.


ഭരണങ്ങാനത്ത് ഓശാന മൗണ്ടിൽ ജോസഫ് പുലിക്കുന്നേൽ നടത്തിയിരുന്ന ചികിത്സാകേന്ദ്രം



അങ്ങിനെ ഒന്നായിരുന്നു. രോഗം വിടപറയുന്നതായി തോന്നി. പക്ഷെ ഒരു ബോട്ടിൽ കിട്ടിയാൽ താൻ വെരി നോർമൽ ആകുമെന്ന് സായാഹ്ന സവാരിക്ക് പോകുകുമ്പോൾ കൂടെക്കൂടെ പറഞ്ഞു കൊണ്ടിരുന്നു,' പുലിക്കുന്നേൽ ഒരിക്കൽ എന്നോട് വെളിപ്പെടുത്തി. രാജീബ് മരിക്കും വരെ അങ്ങിനെയായിരുന്നു

ഡൽഹി ജോർബാഗിൽ വേപ്പ് മരത്തിലേറെ ശീതളഛായയിൽ രണ്ടുനില ഫ്ളാറ്റിലാണ് അരുന്ധതിയുടെ താമസം. പ്രദീപ് കൃഷ്ണനുമായുള്ള ബന്ധം വേർപെട്ടങ്കിലും സുഹൃത്തുക്കളായി തുടരുന്നു. അരുന്ധതി തിരക്കഥയെഴുതിയ ദേവാനന്ദിന്റെ ജുവൽ തീഫ്, ഇലക്ട്രിക്ക് മൂൺ, ഇൻ വിച്ച് ആനി ഗിവ്സ് ഇറ്റ് ദോസ് വൺസ് എന്നീ ചിത്രങ്ങളുടെ പോസ്റുകൾ കൊണ്ടാണ് വീടിന്റെ അലങ്കാരം.

കോട്ടയത്തായിട്ടും ഞാൻ അരുന്ധതിയെ ആദ്യമായി കാണുന്നത് അമ്മയുടെ പള്ളിക്കൂടം









വസതിയിൽ വച്ചാണ്. നീരുവന്ന കാൽ ചൂടുവെള്ളത്തിൽ വച്ച് ധ്യാനിക്കുന്ന അമ്മയെ കണ്ടു പുറത്തിറങ്ങിയ എന്റെ കൂടെ മകളും വന്നു. മഴച്ചെടിയുടെ തണലിൽ നിന്ന് ഞങ്ങൾ സംസാരിച്ചു. കയ്യിൽ കരുതിയിരുന്ന ആദ്യനോവലിന്റെ കോപ്പി കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു; എറണാകുളം സൗത്ത് സ്റ്റേഷന് അടുത്തുള്ള വഴിയോരക്കടയിൽ നിന്ന് 200 രൂപയ്ക്കു വാങ്ങിയതാണ്. 'മോഷ്ടിച്ച കോപ്പിയുടെ വീണ്ടും മോഷ്ടിച്ച കോപ്പി', (പൈറേറ്റഡ് കോപ്പി ഓഫ് എ പൈറേറ്റഡ് ബുക്ക്) എന്ന് പറയുമ്പോൾ അരുന്ധതി ചിരിച്ചു. എന്നിട്ടു പുസ്തകത്തിൽ അങ്ങിനെ തന്നെയെഴുതി തിരികെ സമ്മാനിച്ചു. നൊബേൽ സമ്മാനം പോലെ ഞാനതു കൺമുമ്പിൽ സൂക്ഷിക്കുന്നു!





പ്രകാശനത്തിന് അരുന്ധതിയുടെ അച്ഛൻ രാജീബ് റോയിയുടെ ബന്ധുക്കൾ പ്രണോയ് റോയ്, രാധിക റോയ് തുടങ്ങിയവർ എത്തി. അരുന്ധതിയുടെ അന്തരിച്ച അമ്മാവൻ ജോർജ്ജ് ഐസക് പാലത്തിങ്കലിന്റെ മകൾ ലണ്ടനിൽ നിന്നും ആൺമക്കൾ സ്വീഡനിൽ നിന്നും വന്നു. അവരെല്ലാം അരുന്ധതിയെ നേരിട്ട് കാണുന്നത് ആദ്യമാണെന്നതു മാർക്കറ്റിങ് ഹൈപ് ആണോ? ആൾകൂട്ടത്തിൽ മുങ്ങിപ്പോയ ആസ്വാദകർക്ക് മനസിലായോ എന്തോ!







# ന്യൂ യോർക്ക് മലയാളി ലാറ്റിൻ റൈറ്റ് കാത്തോലിക് കമ്യൂണിറ്റിയുടെ ഓണാഘോഷവും അപോസ്തോലേറ്റിന്റെ രജത ജൂബിലിയും ഫ്ലോറൽ പാർക്കിൽ സെപ്തംബര് പതിമൂന്നിന്



**പോൾ ഡി പനയ്ക്കൽ**


ഇരുപത്തിയഞ്ചു വർഷത്തെ ആല്മീയ ഒരുമയും സാമൂഹ്യ സൗഹൃദവും സാംസ്കാരിക പാരമ്പര്യവും ഉറപ്പിച്ചുകൊണ്ട് ന്യൂ യോർക്ക് ക്യൂൻസിലെ ഫ്ലോറൽ പാർക്ക് ഔർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിൽ ലാറ്റിൻ ആരാധനാക്രമം പിന്തുടരുന്ന റോമൻ കത്തോലിക്കർ ഓണവും രജതജൂബിലിയും സെപ്തംബർ പതിമൂന്നിന് ആഘോഷിക്കുന്നു. പുതുതായെത്തുന്ന ഏവരെയും ഭാഷാ/സാംസ്കാരികതകളുടെ അന്യതയില്ലാതെ സ്വാഗതം നൽകുമ്പോൾ തന്നെ ഓരോ സമൂഹ വിഭാഗത്തിന്റെയും തനിമയെ പോഷിപ്പിക്കുകയും ചെയ്യുന്ന ബ്രൂക്ലിൻ രൂപത ആല്മീയതയോടൊപ്പംസാംസ്കാരികപാരമ്പര്യങ്ങളുടെ നിലനിൽപ്പിനും സമ്പൂർണ്ണ പിന്തുണ നൽകുന്നതിനുള്ള പ്രതിബദ്ധതയോടെ രൂപീകരിച്ചതാണ് ഇന്ത്യൻ ലാറ്റിൻ റൈറ്റ് അപോസ്തോലേറ്റ്. ആഘോഷത്തിന് മുന്നോടിയായി അർപ്പിക്കുന്ന ദിവ്യബലിയിൽ ബ്രൂക്ളീൻ രൂപതാധ്യക്ഷൻ മോസ്റ്റ് റെവ. റോബർട്ട് ബ്രെന്നൻ മുഖ്യ കാർമ്മികനായിരിക്കും. ഔർ ലേഡി ഓഫ് ദി സ്നോസ് പാരിഷ് പാസ്റ്റർ ഫാ. ഫ്രെഡ് മറാനോയും അപോസ്തോലേറ്റ് കോ-ഓർഡിനേറ്റർ ഫാ. റോബർട്ട് അമ്പലത്തിങ്കലും സഹ കാർമ്മികരായിരിക്കും. ദിവ്യ ബലിയിൽ സഹായിക്കും.

ന്യൂ യോർക്ക് സിറ്റിയുടെ ഏറ്റവും കിഴക്ക് നാസോ കൗണ്ടിയുടെ അരികു ചേർന്നു സ്ഥിതി ചെയ്യുന്ന ഫ്ലോറൽ പാർക്ക് - ഈ പ്രദേശത്തേക്ക് എൺപതുകളുടെ ആദ്യത്തിൽ മലയാളികൾ കുടിയേറ്റം നടത്താൻ തുടങ്ങിയപ്പോൾ മുതൽ മലയാളി കത്തോലിക്കർക്ക് എന്നും ആല്മീയ-സാംസ്കാരിക സങ്കേതമായിരുന്നു. സീറോ മലബാർ, സീറോ മലങ്കര, ക്നാനായ സമുദായങ്ങൾ സ്വന്തം സ്ഥാപിതതക്കളിലേക്ക് മാറുന്നതു വരെ ഔർ ലേഡി ഓഫ്



ദി സ്നോസ് പള്ളി അവർക്ക് ദിവ്യബലിക്കും ആഘോഷങ്ങൾക്കും ഉറവിടം നൽകിയിരുന്നു. തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ ഇന്നും ഈ പള്ളി എല്ലാവര്ക്കും ആല്മീയ സങ്കേതമായി തുടരുന്നു. എല്ലാ ഞായറാഴ്ചയും വൈകീട്ട് അഞ്ചരയ്ക്ക് പ്രദേശത്തെ മലയാളികൾക്കായി ഇപ്പോഴും മലയാളത്തിൽ ദിവ്യബലി തുടരുന്നുണ്ട്.

തൊണ്ണൂറുകളുടെ മധ്യത്തിൽ ഇന്ത്യ ലാറ്റിൻ കാത്തലിക് അസോസിയേഷൻ എന്ന പേരിൽ ന്യൂ യോർക്കിൽ രജിസ്റ്റർ ചെയ്ത നോൺ പ്രോഫിറ്റ് സംഘടനയുടെ കുടക്കീഴിൽ ആയിരുന്നു അന്ന് ന്യൂ യോർക്ക്, ന്യൂ ജേഴ്സി, കനെക്റ്റികട്ട് പ്രദേശത്തെ ലാറ്റിൻ ആരാധനാക്രമം പിന്തുടർന്ന മലയാളി കത്തോലിക്കർ സാമൂഹികമായി ഒരുമിച്ചതും മലയാളത്തിൽ ആരാധന നടത്തിത്തുടങ്ങിയതും. പിന്നീട് ബ്രൂക്ളിൻ രൂപത കമ്യൂണിറ്റിയുടെ രക്ഷാകർതൃത്വം ഏറ്റെടുക്കുകയായിരുന്നു. കമ്മ്യൂണിറ്റിയുടെ കോ-ഓർഡി



നേറ്റർ ആയി അന്ന് ആദ്യകാല മലയാളിയായ റെവ. ഫാ. ജോസഫ് കോയിൽപറമ്പിലിനെ നിയമിക്കുകയും രൂപതയുടെ പ്രവർത്തനങ്ങളിൽ സജീവമായ പങ്ക് സമൂഹത്തിനു നൽകുകയും ചെയ്തു. ക്യൂൻസിൽ ഡഗ്ലസ്റ്റനിൽ റീജിയണൽ ബിഷപ്പിന്റെ ആസ്ഥാനവും റിട്ടയർ ചെയ്ത വൈദികരുടെ റെസിഡൻസും സെമിനാരിയുമായ ഇമ്മാക്കുലേറ്റ് കോൺസെപ്ഷൻ സെന്റർ കമ്മ്യൂണിറ്റിയുടെ കൂട്ടായ്മാ സമ്മേളനത്തിനും മാസ ദിവ്യബലിക്കുമായി അന്നത്തെ ബിഷപ്പ് തോമസ് ഡേയ്‌ലി സന്തോഷപൂർവ്വം അനുവദിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ന്യൂയോർക്ക് മെട്രോപോളിറ്റൻ പ്രദേശത്തു കുടിയേറിയെത്തിയ കുടുംബങ്ങൾക്ക് അവർ പിന്തുടർന്നു വന്ന ഭാഷാ-സാംസ്കാരികതയിലൂന്നിയ ആരാധനാ ക്രമം ആചരിക്കുന്നതിനും അതോടൊപ്പം കുടുംബ സൗഹൃദത്തിലൂടെ സാമൂഹ്യ സംതൃപ്തി കൈവരിക്കുന്നതിനും രൂപത തുറന്നു വെച്ച ഈ സംവിധാനം അമൂല്യമായ സഹായിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ ഒത്തുചേരൽ കുട്ടികൾക്ക് പരസ്പരം പോഷണം നൽകുകയും അവരെ ബന്ധുകുടുംബങ്ങളിലെ സഹോദര സുഹൃത്തുക്കളെപോല വളരാനുള്ള വേദിയും മാർഗ്ഗവും ഒരുക്കി. കുട്ടികളുടെ വിനോദവും കളികളും റിട്ടയർ ചെയ്ത വൈദികർക്ക് വിഷമം ഉണ്ടാക്കരുതെന്ന കമ്മ്യൂണിറ്റിയുടെ പൊതു താല്പര്യമനുസരിച്ച് ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ സെന്ററിൽ നിന്ന് ഫ്ലോറൽ പാർക്ക് ഔർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിലേക്ക് സംഗമം മാറ്റിയ കമ്മ്യൂണിറ്റിയെ ഇടവക വൈദികരും അന്നത്തെ പാസ്റ്റർ മോൺസിഞ്ഞോർ (ഇപ്പോൾ ബിഷപ്) റെയ്മോൻഡ് ചാപ്പെട്ടോയും ജനങ്ങളും തുറന്ന കരങ്ങളോടെ സ്വീകരിച്ചു. കഴിഞ്ഞ ഇരുപത്തിയഞ്ചു കൊല്ലങ്ങളായി വിഘ്നങ്ങളൊന്നുമില്ലാതെ മലയാളികൾ എല്ലാ രണ്ടാമത്തെ ശനിയാഴ്ചകളിലും ആറര മുതൽ അവിടെ സമ്മേളിച്ചു വരുകയാണ്. മലയാളി കമ്മ്യൂണിറ്റിയുടേതായ







എല്ലാ ആഘോഷങ്ങളും അവിടെ നടത്തപ്പെടുന്നു.

ഫാ. ജോസെഫ് കോയിൽപറമ്പിൽ കേരളത്തിലേക്ക് റിട്ടയർ ചെയ്തശേഷം ഫാ. റെയ്നോൾഡ് ബസേലിയോസ് മൂന്നു വർഷത്തോളം കമ്മ്യൂണിറ്റിയുടെ കോ-ഓർഡിനേറ്റർ ആയി സേവനം ചെയ്തിരുന്നു. കഴിഞ്ഞ ഒന്നര ദശാബ്ദത്തിൽ അധികമായി രൂപതയുടെ മേൽനോട്ടത്തിൽ ഫാ. റോബർട്ട് അമ്പലത്തിങ്കൽ സമൂഹവിഭാഗത്തിന്റെ ആല്മീയ ആവശ്യങ്ങൾക്ക് ആസൂത്രണവും സേവനവും നൽകിവരുന്നു. അമേരിക്കൻ കത്തോലിക്കാ സഭയിലെ ആദ്യത്തെ മലയാളി പെർമനെന്റ് ഡീക്കനായി ഔർ ലേഡി ഓഫ് ദി സ്നോസ് ഇടവകയിലെ തന്നെ വര്ഷങ്ങളോളം നീണ്ട വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ശേഷം ടിം (ഗ്ലാഡ്സൺ) ചെറിയപറമ്പിൽ വാഴിക്കപ്പെട്ടത് ഇടവകയ്ക്കൊപ്പം മലയാളി കമ്മ്യൂണിറ്റിക്കും വലിയൊരു നേട്ടമായി. മാമ്മോദീസ, വിവാഹം എന്നിവ നടത്തുന്നത് തുടങ്ങി ദിവ്യബലിയിൽ സഹായിക്കുന്നതിനും പല ആല്മീയ കർമ്മങ്ങൾക്ക് നിയോഗം ലഭിച്ചിട്ടുള്ള പെർമനെന്റ് ഡീക്കൻ കമ്മ്യൂണിറ്റിക്കകത്തുനിന്നു തന്നെ ഉയർന്നു വന്നത് രൂപതയ്ക്ക് തന്നെ സഹായകമായി.

രൂപതയിലെത്തിയയുടനെ കമ്മ്യൂണിറ്റിയുടെ കോ-ഓർഡിനേറ്റർ ആയി നിയോഗിക്കപ്പെട്ട ഫാ. റോബർട്ട് അമ്പലത്തിങ്കൽ നിയോഗത്തിന്റെ തുടക്കം മുതൽ തന്നെ തന്റെ സ്വതസിദ്ധമായ എളിമയും പ്രതിജ്ഞാബദ്ധതയും അതിലുപരി സ്നേഹവും വഴി കുടുംബങ്ങളുടെ കെട്ടുറപ്പും സാമൂഹികമായ ഐക്യവും ആല്മീയ സാഫല്യവും ശാക്തീകരിച്ചു പോരുകയാണ്. നോർത്ത് വെൽ ഹെൽത്തിൽ ലോങ്ങ് ഐലൻഡ് ജീവിഷ് മെഡിക്കൽ സെന്ററിലെ ചാപ്ലിനായി സേവനം ചെയ്യുമ്പോൾ തന്നെ ക്യൂൻസ് വില്ലേജിലെ ഔർ ലേഡി ഓഫ് ലൂർദ് ഇടവകയും ഔർ ലേഡി ഓഫ് ദി സ്നോസ് ഇടവകയും അദ്ദേഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. ഫാ. റോബർട്ട് അമ്പലത്തിന്റെ മുൻകയ്യോടെ കഴിഞ്ഞ പല വര്ഷങ്ങളായി ഔർ ലേഡി ഓഫ് ലൂർദിൽ ആഘോഷിച്ചു വരുന്ന വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ പ്രദേശത്തെ എല്ലാ ഭാഷാ സംസ്കാര വിഭാഗങ്ങളെയും ആകർഷിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യുന്ന ഒരു വലിയ സംഭവമാണ്.

കമ്മ്യൂണിറ്റിയുടെ പൊതുവായ സംഘടനകൾക്കും മറ്റു പ്രവർത്തനങ്ങളും പ്രീജിത് പൊയ്യത്തുരുത്തിലിന്റെയും സജിത് പനക്കലിന്റെയും നേതൃത്വത്തിലുള്ള ഒരു ഒൻപതംഗ സമിതി സജീവമാണ്. വൈകീട്ട് ആറര മണിക്കാരംഭിക്കുന്ന സുഹൃത്തുക്കൾക്കും അഭ്യുദയകാംക്ഷികൾക്കും സ്വാഗതമെന്ന് കോ ഓർഡിനേറ്റർ പ്രീജിത് പൊയ്യത്തുരുത്തിയും ഡീക്കൻ ടിം ചെറിയപറമ്പിലും അറിയിക്കുന്നു. വിവരങ്ങൾക്ക് ഡീക്കൻ ടിം (917.679.45520, പ്രീജിത് പൊയ്യത്തുരുത്തി (516.200.3221), സജിത് പനയ്ക്കൽ (516.418.8305)



Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# ഓർമ്മകളിലെ ഊഞ്ഞാൽ...



**(ശ്രീകുമാർ ഉണ്ണിത്താൻ)**

ഓണത്തിനെക്കുറിച്ച് പലർക്കും പലരീതിയിലുള്ള ഓർമ്മകൾ ആയിരിക്കും. എന്നാലും എല്ലാവർക്കും ഓണത്തിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാണ് ഊഞ്ഞാൽ. ഊഞ്ഞാലില്ലാതെ എന്ത് ഓണം. ഓണത്തിന്റെ താളമാണ് ഊഞ്ഞാൽ. ഊഞ്ഞാലിടാത്ത വീട്ടിൽ ഓണമെത്തില്ലെന്ന് പറയുമായിരുന്നു പഴമക്കാർ. ഇന്ന് പഴയ തലമുറ പറഞ്ഞുകൊടുക്കുന്ന ഓണക്കാലകഥകളിലൂടെയാണ് കൂടുതൽ കുട്ടികളും ഊഞ്ഞാലിനെ അറിയുന്നത്.

പണ്ട് ഓണം പടിവാതിൽക്കലെത്തിയാലുടൻ വീടുകളിൽ ഊഞ്ഞാലിടും. തൊടിയിലെ വീട്ടുമുറ്റത്തെ നാട്ടുമാവിന്റെയോ,പ്ലാവിന്റെയോ, പറങ്കി മാവിന്റെയോ ഏറ്റവും ഉയരമുള്ള മരത്തിന്റെ ചില്ലയിൽ ഊഞ്ഞാൽ കെട്ടാൻ ഞങ്ങൾ നിർബന്ധം പിടിക്കുമായിരുന്നു . പോക്കറ്റ് നിറയെ ഉപ്പേരിയുമായി ഊഞ്ഞാലിൽ പോയിരുന്നു കൊറിക്കുന്നതും, കൂട്ടുകാർ ഒരുമിച്ച് ഊഞ്ഞാലാടുന്നതും പരസ്പരം ഊഞ്ഞാലിൽ ഇരുത്തി ആട്ടുന്നതും അതിൽ നിന്ന് മറിഞ്ഞു വീഴുന്നതുമൊക്കെ ഇപ്പോൾ മധുരമുള്ള ഓർമകളാണ്. ഊഞ്ഞാലുമായി ബന്ധപ്പെട്ട് പണ്ട് കാലത്ത് ധാരാളം പാട്ടുകളും മത്സരങ്ങളും ഉണ്ടായിരുന്നു. ഊഞ്ഞാലിലിരുന്ന് ഏറ്റവും കൂടുതൽ സമയം ആടി പറക്കുക ഏറ്റവും ഉയരത്തിലെത്തി ഇല തൊട്ടുവരിക, ചില്ലാട്ടം പറക്കുക തുടങ്ങിയവ ഓർമ്മകളിൽ ഓടിയെത്തുന്നു.

ഇന്ന് നാട്ടിൻ പുറങ്ങളിലെ അപൂർവം ചില വീടുകളിൽ മാത്രമാണ് ഓണത്തിന് ഊഞ്ഞാലുകൾ കാണാൻ കഴിയുക. പറമ്പിൽ നിന്ന് മരങ്ങൾ വെട്ടി മാറ്റി മണ്ണായ മണ്ണിലെല്ലാം കോൺക്രീറ്റ് സൗധങ്ങളുയർന്നപ്പോൾ വീട്ടുമുറ്റത്തു നിന്ന് ഊഞ്ഞാലും പടിയിറങ്ങി. കുട്ടികൾക്ക് മത്സരിച്ച് ആടാനും പാടാനുമായി. ഇന്നത്തെ തലമുറ പേരിനെങ്കിലും ഊഞ്ഞാലാടുന്നത് കോളേജുകളിലും സ്കൂളുകളിലും , ജോലിസ്ഥലങ്ങളിലും, ക്ലബ്ബുകളിലും തട്ടിക്കൂട്ടുന്ന ഓണാഘോഷങ്ങൾക്ക് മാറ്റ് കൂട്ടാൻ വേണ്ടി മാത്രമാണ്. അതിന് കാണുവാൻ ഭംഗി മാത്രമേയുള്ളൂ.

പ്ലാസ്റ്റിക് ചരടിൽ കൂട്ടിയിണക്കിയ ഊഞ്ഞാലുകൾ ലഭ്യമാണെങ്കിലും വീട്ടുപറമ്പിൽ ഓണക്കാലത്ത് മരച്ചില്ലയിൽ കെട്ടിയാടുന്ന ഊഞ്ഞാലിന്റെ അനുഭവം അതിന് പകർന്ന് നൽകാൻ കഴിയില്ല.ഇപ്പോൾ എല്ലാവർക്കും തിരക്കേറിയ ജീവിതത്തിൽ ഊഞ്ഞാലിനുള്ള കയർ,തടി ഒക്കെ ഓരോന്നായി വാങ്ങുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ റെഡിമെയ്ഡ് ഊഞ്ഞാലുകൾ റെഡിയാണ്. ഏതളവിലുമുള്ള ഊഞ്ഞാലുകളും കടകളിൽ റെഡിയാണ്.

കാലത്തിനൊപ്പം ഇപ്പോൾ ഊഞ്ഞാലും ഓർമ്മകളായായി. വയലേലകളും തൊടിയും, കൊയ്ത്തും , വിളവെടുപ്പും, ഓണത്തുമ്പികളും ഓണക്കളികളും പോലെ മലയാളിയുടെ ഓർമച്ചെപ്പിൽ സൂക്ഷിച്ചുവെക്കാം ആയത്തിൽ പറന്നുയരുന്ന ഊഞ്ഞാലിനേയും. കാലം മാറുന്നതിനൊപ്പംതന്നെ ഓണത്തിന്റെ ട്രെൻഡുകളും മാറും. എല്ലാവർക്ക അവരവരുടെ കാലത്തെ ആഘോഷമാണ് ഏറ്റവും പ്രിയപ്പെട്ടത്. ഇന്നത്തെ കുട്ടികൾക്ക് ആ പഴയ ഊഞ്ഞാലിൽ ഇരുന്നു പഴയ കാലത്തെ കുട്ടികൾ ആടിയത് പോലെ ആടാനും പറ്റില്ല.

# ഒരുമ 'പൊന്നോണ നക്ഷത്രരാവ്' റിവർസ്റ്റോൺ മലയാളികളെ പൊന്നിൻ പ്രഭയിലാക്കി അരങ്ങേറി

ജിൻസ് മാത്യു,റാന്നി

ഷുഗർലാൻഡ്: റിവർസ്റ്റോൺ മലയാളി സംഘടനയായ 'ഒരുമ' 2025 ഓണാഘോഷമായ പൊന്നോണ നക്ഷത്രരാവ് കാണികളിൽ പൊന്നിൻ പ്രഭ വിതറികൊണ്ട് വിസ്മയാനുഭവത്തിൽ നാട്യ, നൃത്ത, സംഗീത മുഹൂർത്തങ്ങളോടെ അരങ്ങേറി.

സുതല ലോകത്ത് നിന്ന് ഭൂമിയിലേക്ക് പ്രജകളെ സന്ദർശിക്കാൻ എത്തിയ മഹാബലിയെ സ്വീകരിക്കുന്നതിന് പ്രതീകത്മകമായി

റിവർസ്റ്റോൺ ബാൻഡിന്റെയും താലപ്പൊലിയേന്തിയ വനിതകളുടെയും അകമ്പടിയോടെ മഹാബലി, മേയർ, ജഡ്ജ്, പോലീസ് ക്യാപ്റ്റൻ, ആക്ഷൻ ഹീറോ ഓഫ് മോളിവുഡ് ഇൻ ഹൂസ്റ്റൺ, ഒരുമ എക്സിക്യൂട്ടിവുകൾ, ഇതര സംഘടനാ പ്രതിനിധികൾ എന്നിവരൊത്ത് ഗംഭിര വരവേൽപ്പോടെ വേദിയിൽ എത്തി ഭദ്രദിപം കൊളുത്തി പൊന്നോണ നക്ഷത്ര നിലാവിന് തുടക്കമായി.

ഒരുമ പ്രസിഡന്റ് ജിൻസ് മാത്യു കിഴക്കേതിൽ അധ്യക്ഷതയിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു പൊതു സമ്മേളനം ഉത്ഘാടനം ചെയ്തു.

മോളിവുഡ് ആക്ഷൻ ഹീറോ സ്റ്റാർ ബാബു ആൻറണി കലാമേളക്ക് ഭദ്രദീപം കൊളുത്തി ഉത്ഘാടനം നിർവ്വഹിച്ചു.

ജഡ്ജ് സുരേന്ദ്രൻ പട്ടേൽ മുഖ്യ പ്രഭാഷണം നടത്തി പോലീസ്ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ മാഗ് പ്രസിഡന്റ് ജോസ് കെ.ജോൺ എന്നിവർആശംസാ പ്രസംഗങ്ങൾ നടത്തി.

ഒരുമയുടെ ഹൈസ്കൂൾ പഠനം പൂർത്തികരിച്ച വിദ്യാർത്ഥികൾക്ക് അവാർഡുകൾ വിതരണം ചെയ്തു.

ഒരുമ സെക്രട്ടറി ജയിംസ് ചാക്കോ സ്വാഗതവും വൈസ് പ്രസിഡന്റ് റീനാ വർഗീസ് കൃതജ്ഞതയും പറഞ്ഞു.

ഡോ.ജോസ് തൈപ്പറമ്പിൽ,



ഡോ.സീനാ അഷറഫ്,ഡോ.റെയ്നാ റോക്ക്,മേരി ജേക്കബ്,മെർലിൻ സാജൻ എന്നിവർ അവതാരകരുടെ പ്രകടനം കലാമേളക്ക് മാറ്റുരച്ചു. ഒരുമ മന്നൻ മങ്ക,മിന്നൽ മന്നൻ മങ്ക എന്നിവരെ തെരഞ്ഞെടുത്തു.

പതിനഞ്ചോളം മാസ്മരിക കലാപരിപാടികൾ വേദിയിൽ അരങ്ങേറി.കുട്ടികൾ,മുതിർന്നവർ എന്നിവരുടെ കലാ കടനങ്ങൾ വേദിയെ വർണ്ണ പ്രപഞ്ചമാക്കി.

കളരി,തിരുവാതിര, സംഘ ഗാനം എന്നിവയുടെ പശ്ച്ചാത്തലത്തിലുള്ള ഒരുമ ചുണ്ടന്റ വരവേൽപ്പ് ഗംഭീരമായി.

ഗാന മേളയും ഓണ സദ്യയും ഒന്നിച്ചാരംഭിച്ചപ്പോൾ നക്ഷത്ര നിലാവ് ആഘോഷം ഉല്ലാസതിമിർപ്പിലായി.

മീഡിയാ പ്രതിനിധി ജീമോൻ റാന്നി,ഫാദർ ജോഷി ജോസ്,ലോയർ മാത്യു വൈരമൺ ഉൾപ്പെടെ അനേകം പ്രമുഖർ പങ്കെടുത്തു.നവീൻ ഫ്രാൻസിസ്,ജോൺ ബാബു,ജിജി പോൾ,സെലിൻ ബാബു,

റോബി ജേക്കബ്,സോണി പാപ്പച്ചൻ,മാത്യ ചെറിയാൻ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.










































Lakshmi classic bride's collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907



# ഹഡ്സൺ മലയാളി അസോസിയേഷന്റെ ഓണാഘോഷം വർണാഭമായി

ന്യൂയോർക്ക്: ഹഡ്സൺ മലയാളി അസോസിയേഷന്റെ (ഹഡ്മ) 2025-ലെ മെഗാ ഓണം സ്പ്രിംഗ് വാലിയിലുള്ള കക്കിയാത്ത് എലിമെന്ററി സ്കൂളിൽ വർണാഭമായി ആഘോഷിച്ചു.

കേരളത്തനിമയോടെ ഓണ പൂക്കളം, തിരുവാതിര, ചെണ്ടമേളം, മാവേലിയുടെ എഴുന്നള്ളത്ത്, നൃത്തനൃത്യങ്ങൾ, വിഭവസമൃദ്ധമായ സദ്യ എന്നിവയ്ക്കുപുറമെ സാന്ദ്രലയ മീഡീയ അറ്റ്ലാന്റാ അവതരിപ്പിച്ച് ശ്രുതിമധുരമായ ഗാനമേള ആയിരുന്നു മുഖ്യ ആകർഷണം.

പൊതുയോഗത്തിൽ ഫോമാ ആർ.വി.പി. കൂടിയായ പി.ടി. തോമസ് ആയിരുന്നു മുഖ്യാതിഥി. ഹഡ്മ വൈസ് പ്രസിഡന്റ് ബിനു പോൾ അധ്യക്ഷത വഹിച്ചു. ജോസഫ് കുരിയപ്പുറം ആയിരുന്നു എം.സി.

ഓണത്തിന്റെ വ്യത്യസ്തമായ ഐതിഹ്യങ്ങൾ വിവരിച്ച പ



1.ടി. തോമസ് നാം സ്വപ്നം കാണുന്ന നല്ല കാലത്തിന്റെ പ്രതീകമാണ് ഈ ആഘോഷമെന്ന് ചൂണ്ടിക്കാട്ടി. ഹിന്ദു പുരാണങ്ങളനുസരിച്ച് മഹാബലി കേരളം ഭരിച്ചതായി കാണുന്നില്ല. ഇപ്പോൾ പാക്കിസ്ഥാനിലുള്ള മുൾട്ടാൻ ആയിരുന്നു മഹാബലിയുടെ ആസ്ഥാനമത്രെ. ദ്രാവിഡ വംശജർ തെക്കേഇന്ത്യയിലേക്ക് പോന്നപ്പോൾ കൂടെ കൊണ്ടുപോന്നതാകാം ഈ ഐതിഹ്യം. അത് പോലെ മഹാബലിയെ പാതാളത്തിലേക്കല്ല, ഏറ്റവും ശ്രേഷ്ഠമായ സുതലത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുകയായിരുന്നു എന്നും പറയുന്നു.

കഥ എന്തായാലും നന്മയും സാഹോദര്യവും സമത്വവും നിറഞ്ഞ നല്ല കാലത്തിന്റെ പ്രതീക്ഷയാണ് ഓണം-അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇന്ത്യാക്കാരുടെ പല ആഘോഷങ്ങളും മുഖ്യധാരയിലുള്ളവർക്ക് അരോചകവും ശല്യവും ആകുന്ന തരത്തിൽ പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും നടത്താതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഫൊക്കാന ഇന്റർനാഷണൽ പ്രസിഡന്റ് സണ്ണി മറ്റമന ചൂണ്ടിക്കാട്ടി. സമൂഹത്തിലുണ്ടാവുന്ന മാറ്റങ്ങളെപ്പറ്റി നാം ബോധവാന്മാരാകണം.

ഫൊക്കാന ഇന്റർനാഷണൽ കോർഡിനേറ്റർ ഡോ കല ഷാഹി, ട്രഷറർ എബ്രഹാം കളത്തിൽ, ടോം നൈനാൻ, റോയി ചെങ്ങന്നൂർ എന്നിവരും ആശംസകൾ നേർന്നു. സ്പോണ്സര്മാരായ സർജൻ ഡോ വാസു ചിരുമാമില, കാര്ഡിയോളജിസ്റ്റ് ഡോ അമല ചിരുമാമില എന്നിവരും സംസാരിച്ചു.

ജാസ്മിൻ, നിയ എന്നിവരുടെ നൃത്തം, ജെംസൺ കുര്യാക്കോ











സിന്റെ ഗാനം, കൈലാസ് നെടുമലയിലിന്റെ വയലിൻ എന്നിവയും ആഘോഷങ്ങൾ ഹൃദ്യമാക്കി.

സാന്ദ്രാലയയുടെ ഗാനമേളയിൽ അന്തരിച്ച നടൻ എൻ.എഫ്. വർഗീസിന്റെ കൊച്ചുമകൾ ഇഷ, മാറ്റ് (മത്തായിച്ചൻ), വിനീഷ്, സന്ദീപ്, ഷാജി ജോണ് എന്നിവ ആയിരുന്നു ഗായകർ.













HUDMA - NEW YORK




HUDMA - NEW YORK







# ന്യു ജേഴ്‌സി ഇന്ത്യാ കമ്മീഷൻ അംഗമായി സുരേഷ് യു. കുമാറിനെ ഗവർണർ മർഫി നിയമിച്ചു



ന്യു ജേഴ്‌സി: ന്യു ജേഴ്‌സി ഇന്ത്യ കമ്മീഷനിലേക്ക് സംരംഭകനും എഴുത്തുകാരനുമായ സുരേഷ് യു. കുമാറിനെ ഗവർണർ ഫിൽ മർഫി നിയമിച്ചു.

ടൈ (ദി ഇൻഡസ് എന്റർപ്രണർ) ന്യു ജേഴ്‌സി ചാപ്റ്റർ പ്രസിഡന്റ് ആയ സുരേഷ് കുമാറിന്റെ നോവൽ 'ദി ഗേൾ ഇൻ ദി സ്കാർലറ്റ് ഹിജാബ്' ആമസോണിൽ ബേസ്ഡ് സെല്ലറാണ്.

ഇന്ത്യൻ പശ്ചാത്തലത്തിലുള്ള ചരിത്ര നോവലാണിത്. ഇൻ കോർപ്പറേറ്റഡ് 500, ഡെലോയിറ്റ് ഫാസ്റ്റ് 50 എന്നിവ മികച്ച സംരംഭകനായി അഞ്ചു തവണ അദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നു.

പ്രൊഫസർ കൂടിയായ അദ്ദേഹം ആഗോള നവീകരണ ആവാസവ്യവസ്ഥകൾ നിർമ്മിക്കുന്നതിൽ ആഴത്തിലുള്ള വൈദഗ്ധ്യമുള്ള വ്യക്തിയാണ്. സ്റ്റാർട്ടപ്പ് മെന്റർ, ഏഞ്ചൽ നിക്ഷേപകൻ, ലാഭേച്ഛയില്ലാത്ത നേതാവ് എന്നീ നിലകളിലും സേവനമനുഷ്ഠിക്കുന്നു.

കൊച്ചി സ്വദേശിയാണ്. പഞ്ചാബിയായ നീരജ കൽറ ആണ് ഭാര്യ. പുത്രൻ യുവരാജ് (14)

മലയാളികളായ ഡോ. കൃഷ്ണ കിഷോർ, വിദ്യ കിഷോർ, വെസ്‌ലി മാത്യൂസ്, അസംബ്ലിമാൻ സ്റ്റെർലി സ്റ്റാൻലി, രാജി തോമസ്, സെനറ്റർ വിൻ ഗോപാൽ എന്നിവർ ഉൾപ്പടെ ഒട്ടേറെ അംഗങ്ങൾ അടങ്ങിയതാണ് കമ്മീഷൻ .വെസ്ലി മാത്യുസ് ആണ് ചെയർ.


കമ്മീഷനിൽ 35-ൽ കുറയാത്തതും 45-ൽ കൂടാത്തതുമായ അംഗങ്ങളെ ഗവർണർ നിയമിക്കും. ന്യു ജേഴ്‌സി-ഇസ്രായേൽ, ന്യു ജേഴ്‌സി-അയർലണ്ട് കമ്മീഷനുകളാണ് മറ്റുള്ളവ. മൂന്നാമത്തേതാണിത്.

ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും മുന്നോട്ട് കൊണ്ടുപോകുന്നതിനും ന്യൂജേഴ്‌സിയിലും ഇന്ത്യയിലും സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ ലക്ഷ്യമിടുന്നു.

ന്യൂജേഴ്‌സിയും ഇന്ത്യയും തമ്മിലുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിരമായ ദീർഘകാല സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും കമ്മീഷൻ പ്രവർത്തിക്കും

ഈ കമ്മീഷനിലൂടെ, ഒരുമിച്ച് വളരാനും പുതിയ സാധ്യതകൾക്ക് തുടക്കമിടാനുമുള്ള അവസരങ്ങളുടെ ഒരു പുതിയ നൂറ്റാണ്ട് ഉറപ്പാക്കാൻ കഴിയുമെന്ന് ഗവർണർ മർഫി പറയുകയുണ്ടായി.

ന്യൂജേഴ്‌സിയിലെ രണ്ടാമത്തെ വലിയ നേരിട്ടുള്ള വിദേശ നിക്ഷേപകരാണ് ഇന്ത്യ. ന്യൂജേഴ്‌സിയിലെ കുടിയേറ്റക്കാരിൽ ഭൂരിഭാഗവും ഇന്ത്യയിൽ നിന്നുള്ളവരാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി, ലൈഫ് സയൻസസ്, ടെക്നോളജി തുടങ്ങിയ സുപ്രധാന മേഖലകളിൽ ഏകദേശം 6,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചുകൊണ്ട്, സംസ്ഥാനത്തേക്ക് ഇന്ത്യ 2 ബില്യൺ ഡോളർ നിക്ഷേപിച്ചു.


the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# പ്രവാസിയുടെ നേരും നോവും

തന്റെ നിഴലിന്റെ നീളം നോക്കി, തന്നെ ഇത്രയും വലിയവനാക്കാൻ പ്രകാശത്തിന് കഴിയുന്നല്ലോ എന്ന ശുഭചിന്തയാൽ നയിക്കപ്പെടുന്ന എഴുത്തുകാരൻ ശ്രീ. കോരസൺ വർഗീസ്. അദ്ദേഹത്തിന്റെ പുതിയ പുസ്തകം - പ്രവാസിയുടെ നേരും നോവും.

മലയാളികളുടെ അമേരിക്കൻ പ്രവാസ ജീവിതത്തെക്കുറിച്ചുള്ള ചരിത്രം മനസ്സിലാക്കാനുള്ള കൗതുകംകൊണ്ടാണ് പുസ്തകം ശ്രീ. സിബി ഡേവിഡ് വഴി ആവശ്യപ്പെട്ടത്. ശ്രീ. കോരസൺ വർഗീസ് ഒട്ടും താമസിക്കാതെ പുസ്തകം അയച്ചു തന്നു. നന്ദി രണ്ടു പേർക്കും.

മലയാളികളുടെ അമേരിക്കൻ ജീവിതാനുഭവങ്ങളുടെ ഒരു നേരെഴുത്ത് ആയിരിക്കും ഈ കൃതി എന്നാണ് കരുതിയത്. 'അമീറയുടെ പോരാട്ടങ്ങൾ' എന്ന ആദ്യ അദ്ധ്യായംതന്നെ ആ പ്രതീക്ഷ മാറ്റിമറിച്ചു. ഒരു യാത്രാവിവരണമാണോ ഇതെന്ന സംശയത്തെ മാറ്റിയത് അമീറയുടെ നോവുകൾ ഹൃദയത്തെ നീറ്റിത്തുടങ്ങിയപ്പോളാണ്.

പ്രവാസം എന്നത് ഒരു പ്രതീക്ഷയാണ്.

പറുദീസ തേടിയുള്ള പ്രയാണം മാത്രമല്ല പ്രവാസം. ജീവിതായോധനത്തിനായി, മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലിനുമായി, ജീവരക്ഷയ്ക്കായി, നാടു കടത്തപ്പെട്ട അവസ്ഥയിൽ ഒക്കെ പ്രവാസ ജീവിതം നയിക്കേണ്ടി വരുന്നുണ്ട്. പ്രവാസം എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ നോവിന്റെ അനുഭവങ്ങളുണ്ട്. ലോകത്തെവിടെയുമുള്ള പ്രവാസത്തിന്റെ നോവുകളി





ലേക്ക് കണ്ണോടിക്കുന്നതാണ് ശ്രീ കോരസൺ വർഗീസിന്റെ പ്രവാസിയുടെ നേരും നോവും എന്ന കൃതി. ലോക ജനസംഖ്യയിൽ ഏഴിൽ ഒരാൾ പ്രവാസിയാണെന്ന് കണക്കുകൾ ഉദ്ധരിച്ച് ലേഖകൻ സമർത്ഥിക്കുന്നു. അപ്പോൾ പ്രവാസം എന്നത് എത്ര വിപുലമായ വിഷയമാണ്, നാം വേണ്ടത്ര പ്രാധാന്യം കൊടുത്ത് ചർച്ച ചെയ്യാത്ത വിഷയം.

റോഹിങ്ക്യൻ അഭയാർത്ഥികളുടെ കാര്യത്തിൽ ആയാലും കറുത്ത വർഗ്ഗക്കാർ നേരിടുന്ന വർണ്ണ വിവേചനങ്ങളിലായാലും പലസ്തീൻ പ്രശ്നത്തിലായാലും മനുഷ്യപക്ഷത്താണ് എഴുത്തുകാരൻ. വിവേചനങ്ങളും അവഗണനകളും കാണുന്നിടത്തൊക്കെ എഴുത്തുകാരന്റെ മനസ്സിൽ നോവ് പടരുന്നുണ്ട്. ആ നോവുകൾ വാക്കുകളായി രൂപം പ്രാപിക്കുന്നതാണ് ഇതിലെ ഏറെ എഴുത്തുകളും.



അമേരിക്കയിൽ സമീപഭാവിയിൽത്തന്നെ അന്യം നിന്നുപോകാൻ സാധ്യതയുള്ള മലയാളി ജീവിത തനിമയെക്കുറിച്ച് ഉത്കണ്ഠാകുലനാണ് ലേഖകൻ. തായ് വേരുകൾ മറക്കാൻ പ്രയാസപ്പെടുന്നവരാണ് ഇവിടെ ചേക്കേറിയ മലയാളികളെങ്കിൽ അവരുടെ അനന്തര തലമുറ തായ്‌വേരുകളെക്കുറിച്ചുള്ള ചിന്ത അല്പമേ ഇല്ലാത്തവരാണ്.

പ്രവാസി സാഹിത്യം, ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുള്ള പരിവർത്തനങ്ങൾ, അമേരിക്കൻ രാഷ്ട്രീയരംഗം, വർണ്ണ വിവേചനങ്ങളുടെ പുതിയ മുഖങ്ങൾ തുടങ്ങി രചയിതാവിന്റെ സർവ്വതല സ്പർശിയായ അറിവ് അതിനൊക്കെ അനുസൃതമായ ഭാഷയിൽത്തന്നെ അവതരിപ്പിച്ചിരിക്കുന്നു.പുറത്തുകാണുന്ന ഏതു ശാന്തതതയ്ക്കപ്പുറവും പ്രശ്നങ്ങളുടെയും ദുഃഖങ്ങളുടെയും ലോകമുണ്ടെന്ന് കാണിച്ചു തരുകയാണ് ലേഖകൻ. അതുപോലെ പ്രശ്നങ്ങളിൽ കൂട്ടാളിയാകുന്ന മനുഷ്യസ്നേഹികളെയും കാണാതിരിക്കുന്നില്ലതാനും. ഇന്ത്യയിലെ പ്രളയത്തിന്



സംഭാവന നൽകുന്ന പാകിസ്ഥാനിയും റോഹിങ്ക്യ കുഞ്ഞുങ്ങളെ പരിചരിക്കുന്ന മലയാളി പെൺകുട്ടിയും എഴുത്തുകാരന്റെ ഹൃദയത്തെ സ്പർശിച്ചതുപോലെ വായനക്കാരന്റെ ഹൃദയത്തെ സ്പർശിക്കത്തക്ക വണ്ണം ആവിഷ്കരിച്ചിട്ടുണ്ട്.

കണ്ണീരിന്റെ ഉപ്പിനെ രസക്കൂട്ടാക്കുന്ന പ്രവാസ ജീവിതത്തെപ്പോലെ ദുഃഖകരമായ വിഷയങ്ങളെ സുന്ദരമായി ആവിഷ്കരിക്കാനുള്ള എഴുത്തുകാരന്റെ കഴിവ് വിളിച്ചോതുന്നതാണ് ഈ പുസ്തകത്തിലെ ഒട്ടുമിക്ക ലേഖനങ്ങളും. വിരസ വിഷയങ്ങളുടെ എഴുത്തിൽപ്പോലും കഥയുടെ മർമ്മരങ്ങളുണ്ട്. കാവ്യഭംഗി വരുത്തുവാനുള്ള ശ്രമമുണ്ട്.

പെട്ടെന്ന് വായിച്ചു തീർത്ത് പെട്ടെന്നുതന്നെ തയ്യാറാക്കിയ കുറിപ്പാണിത്. ദീർഘമായ ഒരു ആസ്വാദനം ഈ പുസ്തകത്തിന് എഴുതേണ്ടതുണ്ടെന്ന ചിന്ത മനസ്സിൽ കുടുങ്ങിക്കിടക്കുന്നുണ്ട്.

വ്യത്യസ്തമായ ഒരു വായനാനുഭവം നൽകുന്ന ഈ പുസ്തകത്തിന്റെ രചയിതാവിന് ഹൃദയം നിറഞ്ഞ അനുമോദനം.





NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# എൻ.എസ്.എസ്.ഓഫ് ഹഡ്സൺവാലി, ന്യൂയോർക്കിന്റെ ഓണാഘോഷം വർണാഭമായി



ന്യൂയോർക്ക്: റോക്ക്ലാൻഡ് കൗണ്ടി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹഡ്സൺവാലി റീജിയണിലെ നായർ സർവീസ് സൊസൈറ്റിയുടെ ഓണാഘോഷം 2025 ഓഗസ്റ്റ് 31 ഞായറാഴ്ച ഓറഞ്ച്ബർഗിലുള്ള 'സിത്താർ'പാലസ്സിൽ വച്ച് ആഘോഷിക്കുകയുണ്ടായി. സെക്രട്ടറി പത്മാവതി നായർ ആമുഖ പ്രഭാഷണം നടത്തി. പ്രഥമ വനിത ജഗദമ്മ നായർ, മുഖ്യാതിഥി KHNA ജനറൽ സെക്രട്ടറി സിനു നായർ, KHNA Ethics Committee Member സുധാ കർത്താ, സംഘടനയുടെ രക്ഷാധികാരി ഡോ. പി.ജി. നായർ, സെക്രട്ടറി പത്മാവതി നായർ, ട്രഷറർ കൃഷ്ണകുമാർ, പ്രസിഡന്റ് ജി.കെ.നായർ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ചടങ്ങുകൾ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. രാധാമണി. നായർ പ്രാർത്ഥനാ ഗാനം ആലപിച്ചു. പ്രസിഡന്റ് ജി.കെ.നായർ സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ, സ്കോളർഷിപ്പ് വിതരണം എന്നിങ്ങനെ കഴിഞ്ഞ വർഷങ്ങളിൽ ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് സ്വാഗത പ്രസംഗം നടത്തി.




മുഖ്യാതിഥി സിനു നായർ

ഫ്ലോറിഡയിൽ വച്ചു നടക്കുന്ന അടുത്ത KHNA ഇന്റർനാഷണൽ കൺവൻഷനിലേക്ക് ഏവരേയും സ്വാഗതം ചെയ്തുകൊണ്ട് ''ഓണസന്ദേശം'' നൽകി. റോക്ക്ലാൻഡ് കൗണ്ടി ഭജന സംഘം കൺവീനറും ഹഡ്സൺവാലി മലയാളി അസോസിയേഷൻ പ്രസിഡന്റുമായ വിശ്വനാഥൻ കുഞ്ഞുപിള്ള, ജയപ്രകാശ് നായർ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സംഘടനയുടെ ആദ്യകാല പ്രവർത്തകരായ ഡോ. പി.ജി. നായർ, ഗോപിനാഥ മേനോൻ എന്നിവരെ സെക്രട്ടറി പത്മാവതി നായരും പ്രസിഡന്റ് ജി.കെ. നായരും ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു.

സുജിത് കുമാർ ഹൃദ്യമായ ഓണപ്പാട്ടുകൾ പാടി ഗതകാലസ്മരണകളിലേക്ക് സദസ്സിന്റെ ഓർമകളെ കൊണ്ടുപോയി. രാധാമണി നായർ, ജയപ്രകാശ് നായർ, മുരളി പണിക്കർ എന്നിവർ ഹൃദ്യമായി ഓണക്കവിതകൾ ആലപിച്ചു.

എൻ.എസ്.എസ്. ഓഫ് ഹഡ്സൺവാലിയുടെ വെബ്സൈറ്റ് മനോഹരമായി പുന:ക്രമീകരിച്ച് അതിനു സാരഥ്യം വഹിച്ച ശരത്ത് കണ്ടനാടും മകൾ ദിയ ശരത്തും കൂടി അതിന്റെ ദൃശ്യാവിഷ്കരണം നടത്തിയതിനെ സദസ്സ് മുക്തകണ്ഠം പ്രശംസിച്ചു. മെയ് മാസം മുതൽ ഒരു ക്വാർട്ടറിൽ ജന്മനക്ഷത്രം വരുന്ന അംഗങ്ങളുടെ ''ജന്മദിനം'' കേക്കു മുറിച്ച് ആഘോഷിച്ചു. തുടർന്ന് സിത്താർ പാലസ് പ്രത്യേകം തയ്യാറാക്കിയ വിഭവസമൃദ്ധമായ ഓണസദ്യയും ഓണമാമാങ്കം പൂർണമാക്കി.

ഗോപിനാഥ് കുറുപ്പ് എം.സി. യായി പ്രവർത്തിച്ചു. ട്രഷറർ കൃഷ്ണകുമാർ നൽകിയ നന്ദി പ്രഭാഷണത്തിനു ശേഷം ഓണാഘോഷത്തിന് തിരശ്ശീല വീണു.













# ട്രൈസ്റ്റേറ്റ് ഓണാഘോഷം ഒരുമയുടെ പുതുപുത്തൻ അദ്ധ്യായം പൂർണ്ണമാക്കി




പി ഡി ജോർജ് നടവയൽ

ഫിലഡൽഫിയ: ‘‘ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിൽ ദർശനമരുളിയ മാവേലി മന്നന്റെ’’ അനുപമ ഗാംഭീര്യവും, ജനാവലിയുടെ ഇടമുറിയാത്ത പ്രവാഹവും, ഓണക്കോടിയുടുത്തുള്ള ആബാലവൃദ്ധം കുടുംബാംഗങ്ങളുടെ ഘോഷയാത്രയും, സ്ത്രീ-പുരുഷാരങ്ങളുടെ ‘ആർപ്പോ ഇർ റോ’ വിളികളും, ചെണ്ട വാദ്യത്തിന്റെ ആരോഹണാവരോഹണങ്ങളും, ദേവാംഗനമാരുടെ തിരുവാതിര നടനങ്ങളും, അപ്സരാംഗികളുടെ നർത്തനജ്വലനങ്ങളും, ഏഴേഴ് വർണ്ണങ്ങളും പുഷ്പിച്ചു വിരിഞ്ഞ ഓണപ്പൂക്കളവും, മയൂരാ റെസ്റ്റ്റോന്റ് പാകപ്പെടുത്തി തൂശനിലയിൽ വിളമ്പിയ ഓണയൂണിന്റെ തിക്കും തിരക്കും, കലാപരിപാടികളുടെ ലാവണ്യവും, അഭൗമിക ശബ്ദ-വെളിച്ച താളമേളങ്ങളും, പരസ്പര ബഹുമാനങ്ങളുടെ പ്രശംസാ വാക്കുകളും, അംഗീകരങ്ങളുടെ സൗന്ദര്യവും, വിശിഷ്ട വ്യക്തിത്വങ്ങളുടെ പ്രഭാഷണങ്ങളും, മയാലോകം പോലുള്ള സിനിമാറ്റിക്ക് സ്റ്റേജും, ഒത്തു ചേർന്ന്, ‘ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷം – 2025‘; അമേരിക്കൻ മലയാള നാൾവഴികളിൽ, ഫിലഡൽഫിയയിൽ, ഒരുമയുടെ പുതുപുത്തൻ അദ്ധ്യായം പൂർണ്ണമാക്കി.

ഫിലഡൽഫിയാ സെന്റ് തോമസ് സീറോ മലബാർ ഓഡിറ്റോറിയത്തിലും അങ്കണങ്ങളിലും, ഓഗസ്റ്റ് 23 ശനിയാഴ്ച ഉച്ചയ്ക്ക് ഒരുമണി മുതൽ രാത്രി പത്തുമണി വരെയായിരുന്നു ആഘോഷങ്ങൾ. ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ ബിനു മാത്യു, ഫിലഡൽഫിയ ഇലക്ഷൻ കമ്മീഷണർ സെത്ത് ബ്ലൂസ്റ്റീൻ, ഏഷ്യാനെറ്റ് യു എസ് ഏ- ചീഫ് എഡിറ്റർ ഡോ. കൃഷ്ണ കിഷോർ, യൂഎന്നിലുള്ള പെർമനന്റ് ഇന്ത്യൻ മിഷന്റെ കൗൺസിലർ എൽദോസ് മാത്യൂ പുന്നൂസ്, ട്രൈസ്റ്റേറ്റ് കേരളാ ഫോറം ജനറൽ സെക്രട്ടറി സാജൻ വർഗീസ്, ട്രഷറർ ജോർജ് ഓലിക്കൽ, ഓണാഘോഷ സമിതി ചെയർമാൻ അഭിലാ

ഷ് ജോൺ, പ്രോഗ്രാം കോർഡിനേറ്റർ വിൻസെന്റ് ഇമ്മാനുവൽ, എക്സിക്യൂട്ടിവ് വൈസ് ചെയർ പ്രതിനിധി അലക്സ് തോമസ് എന്നിവർ ഓണ ദീപം തെളിച്ചു. ,എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ജീമോൻ ജോർജ് എം.സി യായി.

പ്രശസ്ത നർത്തകി നിമ്മീ ദാസ് ഗുരുവായ ഭരതം ഡാൻസ് അക്കാഡമിയിലെ നർത്തകികളുടെ നൃത്തഹാരം, പേരുകേട്ട നർത്തകൻ ബേബീ തടനവനാൽ നേതൃത്വം നൽകുന്ന മാതാ ഡാൻസ് സ്കൂളിലെ കലാകാരികളും ബേബീ തടവനാലും നിറഞ്ഞാടിയ നൃത്തജാലം, മാനവ് സുരേഷിന്റെ ഇൻസ്ട്രുമെന്റൽ മ്യൂസിക്, ജോൺ നിഖിലിന്റെ വയലിൻ വാദനം, കാറ്റ്ലിൻ വർഗീസിന്റെ ഭരതനാട്യം, സ്വരസ് - ലിറ്റി, അൻസു, പൂർണിമ, അർച്ചന -ടീമിന്റെ ഗാനശില്പം, എന്നീ കലായിനങ്ങളാൽ ഒരുമണിമുതൽ മൂന്നു മണിവരെ ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണമഹോത്സവവേദിയെ തരളിതമാക്കി.. പന്തളം ബാലൻ, ഷിജി ഷാനി, ബ്രിജിറ്റ് വിൻസന്റ്, ഫീലിപ്പോസ് ചെറിയാൻ, ജോർജ് നടവയൽ എന്നിവർ എം സി മാരായി.

ട്രൈസ്റ്റേറ്റ് കേരളാ ഫോറം തിരുവോണോത്സവ ഘോഷയാത്രയിൽ മഹാബലിയും (റോഷിൻ പ്ലാമൂട്ടിൽ), താലപ്പൊലിവൃന്ദവും ചെണ്ട മേളവും ജനാവലിയും അണിയണിയായി മുന്നേറി അഴകു വിരിച്ചു. ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഭാരവാഹികൾ ഓണോത്സവ വർണ്ണക്കുടകളും ആശംസാ പൊന്നാടകളും എഴുന്നെള്ളിച്ച് ഘോഷയാത്രയ്ക്ക് വഴിയൊരുക്കി. ചെയർമാൻ ബിനു മാത്യു, ജനറൽ സെക്രട്ടറി സാജൻ വർഗീസ്, ട്രഷറർ ജോർജ് ഓലിക്കൽ, ഓണാഘോഷ









സമിതി ചെയർമാൻ അഭിലാഷ് ജോൺ, പ്രോഗ്രാം കോഡിനേറ്റർ വിൻസന്റ് ഇമ്മാനുവേൽ, മുൻ ചെയർമാന്മാരായ അലക്സ് തോമസ്, ജോബീ ജോർജ്, ഫീലിപ്പോസ് ചെറിയാൻ, രാജൻ സാമുവേൽ, സുമോദ് നെല്ലിക്കാലാ, സുധാ കർത്താ, സുരേഷ്

നായർ, ജീമോൻ ജോർജ്, റോണി വർഗീസ്, ജോർജ് നടവയൽ, എക്സിക്യൂട്ടിവ് വൈസ് ചെയർമാൻ തോമസ് പോൾ, പ്രോഗ്രാം പ്രൊഡ്യൂസർ അരുൺ കോവാട്ട്, കർഷകരത്നാ കോഡിനേറ്റർമാരായ ജോൺ പണിക്കർ, ജോർജുകുട്ടി ലൂക്കോസ്, ജോയിന്റ് ട്രഷറാർ അലക്സ് ബാബു, വിമൻസ് ഫോറം ചെയർ ആഷാ അഗസ്റ്റിൻ, ആഘോഷസമിതി കോഡിനേറ്റർമാരായ ബ്രിജിറ്റ് വിൻസന്റ്, ശോശാമ്മ ചെറിയാൻ, സെലിൻ ഓലിക്കൽ എന്നിവർ ഘോഷയാത്രയ്ക്ക് മുൻ നിരയൊരുക്കി. രാജൻ സാമുവലും, സുരേഷ് നായരും ഘോഷയാത്രാ വിളംബരങ്ങൾ നിർവഹിച്ചു.

ലാസ്യാ ഡാൻസ് അക്കാഡമിയുടെ ഗുരു ആശ അഗസ്റ്റിൻ ചിട്ടപ്പെടുത്തിയ മെഗാതിരുവാതിരയിൽ, നൂറ് അംഗനമാർ ലാസ്യനടന ശലഭങ്ങളായി. സുരേഷ് നായർ ക്രമപ്പെടുത്തിയ ഓണപ്പൂക്കളം ഓണ ഗൃഹാതുരത്വത്തിന്റെ നേർക്കാഴ്ച പകർന്നു. ''എക്സ്റ്റൺ പഞ്ചവാദ്യാ സംഘത്തിന്റെ'' പഞ്ചാരിമേളം, ജനാവലിയെ മണിക്കുറുകൾ ത്രസിപ്പിച്ച്, ഓണലഹരിയിൽ അമ്മാനമാടി. ട്രൈസ്റ്റേറ്റ് കേരളാ ഫോറം തിരുവോണോത്സവ ക്രമീകരണങ്ങളുടെ അടയാളപ്പെടുത്തലുകൾ മിന്നിത്തിളങ്ങിയ വീഡിയോ പ്രസന്റേഷന് ഏഷ്യാനെറ്റ് ഫെയിം അരുൺ കോവാട്ട് നേതൃത്വം നൽകി..

ചെയർമാൻ ബിനു മാത്യു അദ്ധ്യക്ഷ പ്രസംഗം നിർവഹിച്ചു. ട്രൈസ്റ്റേറ്റ് കേരളാ ഫോറം ''മാൻ ഓഫ് ദി ഇയർ അവാഡ്'', ഏഷ്യാ നെറ്റ് യു എസ് ഏ ചീഫ് എഡിറ്റർ ഡോ. കൃഷ്ണ കിഷോറിന് സമ്മാനിച്ചു. കൃഷ്ണ കിഷോർ ഓണസന്ദേശം നൽകി.

ട്രൈസ്റ്റേറ്റ് കേരളാ ഫോറം കഴിഞ്ഞ 23 വർഷമായി തുടരുന്ന അനുപമമായ ഓണാഘോഷം ലോകമെമ്പാടുമുള്ള മലയാളികൾക്ക് ആവേശം പകരുന്നതാണെന്നും, മഹാബലിച്ചക്രവത്തിയെ ലോകത്താദ്യമായി ഹെലികോപ്റ്ററിൽ എഴുന്നെള്ളിച്ചതിലൂടെ നവയുഗ ഓണ സന്ദേശം ഉജ്ജ്വലമാക്കുന്നതിൽ ട്രൈസ്റ്റേറ്റ് കേരളാ ഫോറം പ്രദർശിപ്പിച്ച നവീനത കിടയറ്റതാണെന്നും കൃഷ്ണ കിഷോർ വ്യക്തമാക്കി. മലയാളി സംഘടനകൾ തമ്മിലുള്ള അപൂർവ ഐക്യത്തിന്റെ ഉന്നത മാതൃകയായി ഫിലഡൽഫിയയിലെ ട്രൈസ്റ്റേറ്റ് കേരളാ ഫോറം നടത്തുന്ന ആഘോഷങ്ങളെ കാലം രേഖപ്പെടുത്തിയിരിക്കുന്നു എന്ന് യു എന്നിലുള്ള പെർമനന്റ് ഇന്ത്യൻ മിഷന്റെ കൗൺസിലർ എൽദോസ് മാത്യൂ പുന്നൂസ് പ്രസ്താവിച്ചു. മോണ്ട് ഗോമറി കൗൺടി കോർട് ഓഫ് കോമൺ പ്ലീസ് ജഡ്ജ് സ്ഥാനാർത്ഥി അറ്റേണി ലോറൻ ഹ്യൂസ് ഓണാശംസകൾ നേർന്ന് പ്രസംഗിച്ചു. ഓണാഘോഷ സമിതി ചെയർമാൻ അഭിലാഷ് ജോൺ സ്വാഗതവും ട്രഷറാർ ജോർജ് ഓലിക്കൽ നന്ദിയും പറഞ്ഞു. ജനറൽ സെക്രട്ടറി സാജൻ വർഗീസ് പൊതു സമ്മേളനത്തിന് എം സിയായി. അവാഡ് നിർണ്ണയ സമിതി ചെയർമാൻ റോണി വർഗീസ് പ്രശംസാ പത്രം വായിച്ചു. ഷോൺ മാത്യു അമേരിക്കൻ ദേശീയ ഗാനാലാപനത്തിനും അബിയ മാത്യൂ ഇന്ത്യൻ ദേശീയ ഗാനം പാടുന്നതിനും നേതൃത്വം നൽകി.

ട്രൈസ്റ്റേറ്റ് കേരളാ ഫോറം സാമൂഹ്യ സേവന പുരസ്കാരങ്ങൾ, പ്രമുഖ സരംഭകൻ മണിലാൽ മത്തായി, അറ്റേണി ലെനോ തോമസ്, കെവികെ (ടെക്) ഡോ. അനിതാ ജോർജ് സി ആർ എൻ പ 1 എന്നിവർക്കും, ട്രൈസ്റ്റേറ്റ് കേരളാ ഫോറം പ്രസിഡൻഷ്യൽ







അവാഡ് ജോർജ് നടവയലിനും സമ്മാനിച്ചു. അവാഡു സമ്മേളനത്തിന്, മുതിർന്ന മാദ്ധ്യമ പ്രവർത്തകൻ വിൻസന്റ് ഇമ്മാനുവെൽ നേതൃത്വം വഹിച്ചു. ജോയിന്റ് സെക്രട്ടറി സുമോദ് നെല്ലിക്കാല, ജോയിന്റ് ട്രഷറാർ അലക്സ് ബാബു എന്നിവർ എം സി മാരാ




യി. സുന്ദരമായി ഓണക്കോടിയണിഞ്ഞെത്തിയ ജോടികൾക്കുള്ള ക്യാഷ് അവാഡ് വിനോദ്-അനു ദമ്പതിമാർ നേടി. ശോശാമ്മ ചെറിയാൻ, ബ്രിജിറ്റ് വിൻസന്റ് , സെലിൻ ഓലിക്കൽ എന്നിവരായിരുന്നു മൂല്യനിർണ്ണയം ചെയ്തത്. വിളവെടുപ്പുത്സവമാണ് തിരുവോണം എന്ന ഓർമ പുതുക്കിക്കൊണ്ട്, ''ട്രൈസ്റ്റേറ്റ് കേരളാ ഫോറം കർഷകരത്നം 2025 അവാഡ്'' ജേതാവായി തോമസ് മാത്യൂ, എവർ റോളിങ് ട്രോഫിയും ക്യാഷ് പ്രൈസും നേടി. ജയിംസ് ഡാനിയേൽ, സുനിൽ സഖറിയ, എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. ജോൺ പണിക്കർ, ജോർജ്ജ്കുട്ടി ലൂക്കോസ്, അലക്സ് തോമസ്, സുധ കർത്ത എന്നിവരായിരുന്നു വിധികർത്താക്കൾ.

വിൻസന്റ് ഇമ്മാനുവേൽ പ്രോഗ്രാം കോ ഓഡിനേറ്ററായി അവതരിപ്പിച്ച വിവിധ കലാപരിപാടികൾ രാവേറെയും കടന്ന് ജനസാഗര ഹൃദയങ്ങളെ ഓണനിലാവണിയിച്ചു. പ്രശസ്ത ഗായകൻ അഫ്സലിന്റെ നേതൃത്വത്തിൽ സിനിമാ ഗായകർ അവതരിപ്പിച്ച ഗാനമേള, ട്രൈസ്റ്റേറ്റ് കേരളാ ഫോറം 2025 ഓണാഘോഷത്തിന്റെ ഹൈലൈറ്റായി അലയടിച്ചു.

പ്രോഗ്രാം കോ ഓഡിനേറ്റർ വിൻസന്റ് ഇമ്മാനുവെലിന്റെ ജനസമ്പർക്ക ചാതുര്യവും, ചെയർമാൻ ബിനു മാത്യു, ജനറൽ സെക്രട്ടറി സാജൻ വർഗീസ്, ട്രഷറാർ ജോർജ് ഓലിക്കൽ, ഓണാഘോഷ ചെയർമാൻ അഭിലാഷ് ജോൺ, എന്നീ സാമൂഹ്യ പ്രവർത്തകരുടെ സംഘാടക മികവും, ''ട്രൈസ്റ്റേറ്റ് കേരളാ ഫോറം 2025 ഓണാഘോഷത്തിന്'', ജനസാഗര പങ്കാളിത്തം ഒരുക്കിയെന്ന് ഇരുപത്തിയഞ്ചംഗ ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഭരണ സമിതി സമാപന സമ്മേളനത്തിൽ, ഒരേ സ്വരത്തിൽ, ''ആർപ്പോ ഇർറോ'' വിളികളിൽ ആവർത്തിച്ചു.
















TRISTATE




TRISTATE KERALA




















FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555




# ചേർത്തല സുമലതയുടെ തലക്കറി

**സുനിൽ വല്ലാത്തറ**
**ഫ്ലോറിഡാ**

ചേർത്തലയിലെ താമസക്കാരാണ് കയർ നിർമാണ തൊഴിലാളികൾ ആയ സുകുമാരനും ഭാര്യ സുന്ദരിയായ സുമലതയും മൂന്നു മക്കളും അടങ്ങുന്ന കുടുംബം

അതിരാവിലെ പൊതിച്ചോറുമായി ജോലിക്ക് ഒരു സൈക്കിളിൽ പോകുന്ന സുകുമാരനും സുമലതയും വൈകുന്നേരമേ തിരിച്ചെത്തുകയുള്ളൂ

സുകുമാരന്റെയും സുമലതയുടെയും തൊട്ടടുത്ത വീട്ടിൽ താമസിക്കുന്നത് അപ്പുക്കുട്ടൻ ചേട്ടനും അമ്മിണി ചേച്ചിയും ആണ്. ഇരുവരുടെയും പ്രായപൂർത്തിയായ രണ്ടു മക്കൾ വിവാഹം കഴിച്ചു മാറിയാണ് താമസിക്കുന്നത്

ജോലി കഴിഞ്ഞു വൈകുന്നേരം വീട്ടിൽ മടങ്ങി എത്തുന്ന സുകുമാരൻ കുളി കഴിഞ്ഞു ഉമ്മറത്ത് ചാരുകസേരയിൽ പത്രം വായിച്ചുകൊണ്ടിരിക്കുമ്പോൾ അടുക്കളയിൽ കഞ്ഞിയിട്ട ശേഷം സുമലത ഒരു കട്ടൻകാപ്പി ഉണ്ടാക്കി സുകുമാരനു കൊടുക്കും. അപ്പോഴേയ്ക്കും അപ്പുക്കുട്ടൻ ചേട്ടനും അമ്മിണി ചേച്ചിയും വർത്തമാനം പറയുവാൻ ആയിട്ടു വരും. പിന്നീട് അവർ നാലു പേരും കൂടി കുറെ സമയം തമാശകൾ പറഞ്ഞു ചിരിച്ചു അവിടെ ഇരിക്കും. ഇതാണ് പതിവ്

സുമലതയുടെ ഒരു വലിയ സ്വപ്നവും ജീവിത അഭിലാഷവും ആണ് ചേർത്തലയിൽ ഉള്ള പോത്തുംമൂട് കള്ള്ഷാപ്പിൽ പോയി ഒരു മീൻ തലക്കറി കഴിക്കണം എന്ന്



ജീവിതത്തിൽ ഇന്നുവരെ മദ്യപിക്കാത്ത സിഗരറ്റ് വലിക്കാത്ത മുറുക്കാത്ത സൽസ്വഭാവിയും കടുംപിടുത്തക്കാരനുമായ സമൂഹത്തിലെ മാന്യനുമായ സുകുമാരനോട് തന്റെ ജീവിത അഭിലാഷം പറഞ്ഞാൽ പൊട്ടിത്തെറിക്കുമോ എന്ന ഭയത്താൽ സുമലത ഇതുവരെ സുകുമാരനോട് ആ കാര്യം പറഞ്ഞിട്ടില്ല. പക്ഷേ ഇപ്പോൾ ആധുനിക ലോകത്തു സോഷ്യൽ മീഡിയയിൽ കൂടി ഓരോ പെണ്ണുങ്ങൾ തനിച്ചും കൂട്ടു കൂടിയും കള്ള് ഷാപ്പുകളിൽ പോയി തലക്കറി കഴിക്കു

ന്നത് കാണുമ്പോൾ സുമലത ഉള്ളാലെ കോരിതരിക്കാറുണ്ട്

അങ്ങനെ തന്റെ ഈ ആഗ്രഹം വച്ചു വീർപ്പുമുട്ടിയ സുമലത ഗത്യന്തിരം ഇല്ലാതെ ഒടുവിൽ തന്റെ രഹസ്യം സൂക്ഷിപ്പുകാരിയായ അമ്മിണി ചേച്ചിയോട് കാര്യം പറഞ്ഞു. ഇതു കേട്ട അമ്മിണി ചേച്ചി പോംവഴി പറഞ്ഞു കൊടുത്തു. സുകുമാരൻ നല്ല മൂഡിൽ ഇരിക്കുമ്പോൾ നീ കാര്യം അവതരിപ്പിക്കു അപ്പോൾ സമ്മതിക്കും

പിറ്റേദിവസം ജോലികഴിഞ്ഞു വന്നു ഉമ്മറത്ത് പത്രം വായിച്ചു കൊണ്ടിരുന്ന സുകുമാരന്റെ അടുത്തേയ്ക്കു നന്നായി മേക്കപ്പ് ഒക്കെ ഇട്ടു നാണം കുണുങ്ങി വന്നു കൊഞ്ചി കൊഞ്ചി സുമലത തന്റെ തലക്കറി മോഹം അവതരിപ്പിച്ചു. ഇതു കേട്ട പാടെ ചാരുകസേരയിൽ നിന്നും ചാടി എഴുന്നേറ്റ സുകുമാരൻ ജീവിതത്തിൽ ആദ്യമായി സുമലതയോടു കൈചൂണ്ടി പറഞ്ഞു ഇന്നു വരെ ഈ ജീവിതത്തിൽ ഒരു ബാറിലോ കള്ള് ഷാപ്പിലോ ചാരായക്കടയിലോ പോയിട്ടില്ലെന്നല്ല അതിന്റെ അടുത്തു കൂടി പോലും പോയിട്ടില്ലാത്ത എന്നോട് ഇതു പറയുവാൻ നിനക്കെങ്ങനെ ധൈര്യം വന്നു സുമലതേ. മേലിൽ ഇക്കാര്യം പറഞ്ഞു എന്റടുത്തു വന്നു പോകരുത്

ഇതു കേട്ടതോടെ വളരെ നിരാശയിൽ സുമലത ചെറിയ കരച്ചിലോടെ വീട്ടിനുള്ളിലേയ്ക്കു കയറിപോയി

ഒരാഴ്ച കഴിഞ്ഞു ഒരു ദിവസം വൈകുന്നേരം സുമലതയുടെ പഴയ സഹപാഠികൾ ആയിരുന്ന മൂന്ന് കൂട്ടുകാരികൾ ശ്രീകലയും ശ്രീലേഖയും ശ്രീവിദ്യയും സുമലതയുടെ വീട്ടിൽ വന്നു. ആ സമയം സുകുമാരൻ വീട്ടു സാധനങ്ങൾ വാങ്ങുവാൻ ചേർത്തല മാർക്കറ്റിൽ പോയിരിക്കുകയായിരുന്നു

ചായകുടി കഴിഞ്ഞു വന്ന കാര്യം അവർ അവതരിപ്പിച്ചു. നമ്മൾ പണ്ടു പ്രീഡിഗ്രി പഠിച്ച സഹപാഠികൾ ചേർന്ന് ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയിട്ടുണ്ട്. സുമലതയെ കൂടി ഈ ഗ്രൂപ്പിൽ ഉൾപ്പെടുത്തുവാൻ ആണ് ഞങ്ങൾ വന്നത്. പിന്നെ നമ്മൾ ആൺകുട്ടികളും പെൺകുട്ടികളുമായി ഏതാണ്ട് നാൽപതോളം പേരുണ്ട്. നമ്മുടെ ആദ്യത്തെ റീയൂണിയൻ അടുത്ത മാസം നടത്തുന്നുണ്ട് സുമലത കൂടി വരണം

ഇതു കേട്ട സുമലത അവരോടു പറഞ്ഞു എനിക്ക് വളരെ ആഗ്രഹം ഉണ്ട്. പക്ഷേ എന്റെ ഭർത്താവ് ഒരു കടുംപിടുത്തക്കാരൻ ആണ്. അദ്ദേഹത്തിന്റെ അനുവാദം വേണം ഞാൻ അറിയിക്കാം. പരമാവധി ശ്രമിക്കൂ എന്ന് ഉപദേശിച്ചു ശ്രീകലയും ശ്രീലേഖയും ശ്രീവിദ്യയും യത്രേ പറഞ്ഞിറങ്ങി

കുറച്ചു കഴിഞ്ഞു മാർക്കറ്റിൽ നിന്നും അരിയും കപ്പയും പച്ചക്കറികളുമായി വന്ന സുകുമാരനോട് കൂട്ടുകാരികൾ വന്നതും റീയൂണിയൻ നടത്തുന്ന കാര്യവും സുമലത പറഞ്ഞു


ഇതു കേട്ട സുകുമാരൻ സുമലതയോടു പറഞ്ഞു ഇപ്പോൾ ഒരു തൊഴിലും ഇല്ലാത്ത കുറെ പെണ്ണുങ്ങളും ആണുങ്ങളും റീയൂണിയൻ എന്ന് പറഞ്ഞു ഇറങ്ങിയിട്ടുണ്ട് നീ അതിനൊന്നും പോകണ്ട. പക്ഷേ ഇക്കുറി വിട്ടു കൊടുക്കുവാൻ സുമലത തയ്യാറല്ലായിരുന്നു

അതുവരെ വിവാഹ ജീവിതത്തിൽ ഭവ്യതയോടെ മാത്രം സുകുമാരനോട് സംസാരിച്ചിട്ടുള്ള സുമലത അല്പം ഉച്ചത്തിൽ സുകുമാരനോട് പറഞ്ഞു ഇന്നു രണ്ടിൽ ഒന്ന് എനിക്കറിയണം. ഒന്നുകിൽ പോത്തുംമൂട് ഷാപ്പിൽ പോയി തലക്കറി എനിക്ക് വാങ്ങിച്ചു തരണം അല്ലെങ്കിൽ അടുത്ത മാസം നടക്കുന്ന റിയൂണിയനു എന്നെ വിടണം. ഇതിൽ ഏതെങ്കിലും ഒന്നിന് തയ്യാറല്ലെങ്കിൽ ഞാൻ കടുത്ത തീരുമാനത്തിലേയ്ക്കു പോകുകയാണ്. സുമലത തീർത്തു പറഞ്ഞു

വെട്ടിലായ ബുദ്ധിമാനായ സുകുമാരൻ റിയൂണിയന്റെ അപകടത്തെ പറ്റി ബോധ്യം ഉള്ളതുകൊണ്ട് പോത്തുംമൂട് ഷാപ്പിൽ പോയി തലക്കറി കഴിക്കാൻ ഒടുവിൽ സമ്മതിച്ചു

അങ്ങനെ പിറ്റേ ഞായറാഴ്ച തിരുവോണ ദിവസം സുകുമാരനും സുമലതയും അപ്പുക്കുട്ടൻ ചേട്ടനും അമ്മിണി ചേച്ചിയും കൂടി ചേർത്തലയിലെ പോത്തുംമൂട് ഷാപ്പിൽ പോയി വയറു നിറയെ മീൻ തലക്കറിയും കപ്പയും കഴിച്ചു. ജീവിതത്തിൽ ഇന്നുവരെ മദ്യപിക്കാത്ത സുകുമാരൻ അപ്പുക്കുട്ടൻ ചേട്ടനോടൊപ്പം രണ്ടു കുപ്പി തെങ്ങും കള്ളും കുടിച്ചു കുറച്ചു ഓണപ്പാട്ടും പാടിയാണ് മുണ്ട് പറിച്ചു തലയിൽ കെട്ടി ഷാപ്പിൽ നിന്നും വീട്ടിലേയ്ക്കു മടങ്ങിയത്

# സണ്ണി വള്ളിക്കളം പ്രവാസി കേരളാ കോൺഗ്രസ് നോർത്ത് അമേരിക്കൻ കമ്മറ്റിയുടെ കൺവീനറായി തിരഞ്ഞെടുക്കപ്പെട്ടു



കോട്ടയം : പ്രവാസി കേരളാ കോൺഗ്രസ്സ് നോർത്ത് അമേരിക്കയിലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ കൺവീനറായി സണ്ണി വള്ളിക്കളത്തെ (ചിക്കാഗോ) കേരളാ കോൺഗ്രസ്സ് ചെയർമാൻ പി ജെ ജോസഫ് എംഎൽഎ നാമനിർദ്ദേശം ചെയ്തതായി പാർട്ടിയുടെ എക്സിക്യൂട്ടീവ് ചെയർമാൻ അഡ്വ.മോൻസ് ജോസഫ് എംഎൽഎ അറിയിച്ചു.

നോർത്ത് അമേരിക്കൻ സ്റ്റിയറിംഗ് കമ്മിറ്റിയിലേക്ക് കേരളാ കോൺഗ്രസ്സ് പാർട്ടിയുടെ വിവിധ റീജിയണുകളുടെ പ്രതിനിധികളായി സാബു കൂവക്കാട്ടിൽ, സെനിത്ത് ലൂക്കോസ് (ടെക്സാസ്) എ. ജെ. അഗസ്റ്റിൻ ആലപ്പാട്ട് ,ഷിബു മുളയാനിക്കുന്നേൽ, മാത്യു തട്ടാമറ്റം (ചിക്കാഗോ),ഷോളി കുമ്പിളുവേലിൽ (ന്യൂയോർക്ക്)ജോജി ജോൺ (ഫ്ലോറിഡ)എന്നിവരെയും തിരഞ്ഞെടുത്തിട്ടുണ്ട്. നോർത്ത് അമേരിക്കയുടെ എല്ലാ റീജിയണുകളിലും പ്രവാസി കേരളാ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ച ശേഷം സെൻട്രൽ കമ്മിറ്റിയുടെ ഭരണ സമിതിക്ക് രൂപം നൽകുന്നതിനാണ് പാർട്ടി നേതൃത്വം തീരുമാനിച്ചിട്ടുള്ളത്.

കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട സണ്ണി വള്ളിക്കളം കേരളാ കോൺഗ്രസ്സിന്റെ വിദ്യാർത്ഥി സംഘടനയായ കെ. എസ്.സി യിലൂടെ പാർട്ടിയുടെ നേതൃസ്ഥാനത്തേക്ക് വന്ന പ്രതിനിധിയാണ്. ചങ്ങനാശ്ശേരി എസ്.ബി കോളേജിലും, പെരുന്ന എൻ.എസ്.എസ് ഹിന്ദു കോളേജിലും പഠനം പൂർത്തീകരിച്ച ശേഷമാണ് കേരളാ കോൺഗ്രസ്സ് പാർട്ടിയുടെ സജീവ നേതൃസ്ഥാനത്തേക്ക് കടന്നുവന്നത്. തുടർന്ന് അമേരിക്കയിലെ പ്രവാസി ജീവിതത്തിലെത്തിയ കാലം മുതൽ മലയാളി സമൂഹത്തിന്റെ ഉന്നമനത്തിനും ആവശ്യങ്ങൾക്കും വേണ്ടി സജീവമായി നിലകൊള്ളാൻ സണ്ണി വള്ളികളത്തിന് കഴിഞ്ഞിട്ടുണ്ട്. ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡന്റ് ഉൾപ്പെടെയുള്ള വിവിധ സ്ഥാനങ്ങൾ മുൻകാലങ്ങളിൽ വഹിച്ചിട്ടുണ്ട്.ഫോമയുടെ നാഷണൽ കമ്മിറ്റി മെമ്പർ,റീജിയണൽ വൈസ് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ച ശേഷം ഫോമയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സ്ഥാനത്തും സേവനം അനുഷ്ഠിക്കുകയുണ്ടായി .പൊതുരംഗത്ത് എല്ലാവരോടും അടുത്ത് ഇടപെഴകാനും അമേരിക്കൻ മലയാളി സമൂഹത്തിന്റെ മുഖ്യധാരയിൽ നിറസാന്നിദ്ധ്യമായി നിലകൊള്ളാൻ സണ്ണിക്ക് കഴിഞ്ഞിട്ടുണ്ട്. സീറോ മലബാർ സഭയുടെ ചിക്കാഗോ രൂപത 2026 ജൂലൈ മാസം നടത്താൻ തീരുമാനിച്ചിട്ടുള്ള കാത്തലിക് കൺവൻഷന്റെ രജിസ്ട്രേഷൻ കോ -ഓർഡിനേറ്ററായി ഇപ്പോൾ പ്രവർത്തിക്കുന്നു.ഒപ്പം ചിക്കാഗോ യുഡിഎഫ് കൺവീനറായും നിലവിൽ പ്രവർത്തിക്കുന്നു. കേരളാ കോൺഗ്രസ് ചെയർമാൻ പി ജെ ജോസഫ് എംഎൽഎ , പാർട്ടി നേതാക്കളായ പി സി തോമസ്, അഡ്വ. മോൻസ് ജോസഫ് എംഎൽഎ, അഡ്വ. ജോയി എബ്രഹാം,ടി യു കുരുവിള, അഡ്വ. കെ.ഫ്രാൻസീസ് ജോർജ്ജ് എം.പി, അഡ്വ.തോമസ് ഉണ്ണിയാടൻ, സ്റ്റേറ്റ് കോർഡിനേറ്റർ അപു ജോൺ ജോസഫ് എന്നിവർ പങ്കെടുത്ത് കോട്ടയത്ത് ചേർന്ന പാർട്ടി സംസ്ഥാന നേതൃയോഗം നോർത്ത് അമേരിക്കൻ പ്രവാസി കേരളാ കോൺഗ്രസ്സിന്റെ പുതിയ ഭാരവാഹികളെ അനുമോദിക്കുകയുണ്ടായി .

പ്രവാസി കേരളാ കോൺഗ്രസ്സിന്റെ ഗ്ലോബൽ കമ്മറ്റി പാർട്ടി ചെയർമാൻ പി. ജെ ജോസഫ് എംഎൽഎ ഉടനെ പ്രഖ്യാപിക്കുമെന്ന് എക്സിക്യൂട്ടീവ് ചെയർമാൻ അഡ്വ.മോൻസ് ജോസഫ് എംഎൽഎ അറിയിച്ചു

# പറക്കും പക്ഷിയെ പ്രണയിക്കുന്നവർ എന്ന നോവലിന്റെ കവർ പ്രകാശനം ചെയ്തു

പുന്നയൂർക്കുളം സാഹിത്യ സമിതിയുടെ പ്രഥമ ബാലാമണിയമ്മ പുരസ്കരച്ചടങ്ങ്ജിൽ അബ്ദുൾ പുന്നയൂർക്കുളത്തിന്റെ 'പറക്കും പക്ഷിയെ പ്രണയിക്കുന്നവർ ' എന്ന നോവലിന്റെ കവർ മോഹൻ കുമാർ ഐ എ സ് ആലങ്കോട് ലീലകൃഷ്ണന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

തുടർന്ന് വി. പി. മുഹമ്മദ്, പുന്നയൂർക്കുളം സാഹിത്യ സമിതി സ്ഥാപക പ്രസിഡണ്ട് അബ്ദുൾ പുന്നയൂർക്കുളം, ഗിരീശൻ, സാജൻ, ബൈജു എന്നിവരെ ആദരിച്ചു.

പുരസ്കാരസമർപ്പണത്തോടു അനുബന്ധിച്ചു അബ്ദുളിന്റെ പുസ്തക പ്രദർശനവും ഉണ്ടായിരുന്നു.













# മലയാളി പൊളിയല്ലേ?

## ന്യൂയോർക്കിൽ ആൾപ്പൊക്കമുള്ള പയറും പടവലവും മുതൽ കഞ്ചാവ് വരെ കൃഷി ചെയ്യുന്ന ജോസേട്ടൻ ഹീറോ ആണ്

**ഡോ. ജോർജ് എം. കാക്കനാട്**

ഹൂസ്റ്റൺ: ഒരറ്റത്ത് വെള്ളത്തിന്റെ ബോട്ടിൽ കെട്ടിത്തൂക്കിയ നീളൻ കായകൾ കണ്ട് സായിപ്പൻമാർ മൂക്കത്ത് വിരൽവച്ചു! ഇതെന്തു കുന്തം എന്ന് മനസിലാകാതെ അന്തം വിട്ടു തിന്ന അവർ ഒടുവിൽ രണ്ടും കൽപ്പിച്ച് ചോദിച്ചു. മിസ്റ്റർ ജോസ് , വാട്ട് ഈസ് ദിസ്.

ഇതൊക്കെയെന്ത്... എന്ന മട്ടിൽ ജോസേട്ടൻ അവരോട് പറഞ്ഞു, ബ്രോ ദിസ് ഈസ് പടവലങ. എന്നിട്ട് അവരേം കൂട്ടി രണ്ടേക്കർ ഫാംലാൻഡിലൂടെ ഒന്നു കറങ്ങി. അഞ്ചടി നീളമുള്ള പയർ മുതൽ നല്ല എരിയൻ പച്ചമുളക് വരെ കണ്ട് സായിപ്പിന്റെ കണ്ണ് നീറി. കാഴ്ചകൾ മടങ്ങും വഴി അവർ ഉറപ്പായും പറഞ്ഞു കാണും, ലോകത്തിന്റെ ഏതു കോണിൽ ആണെങ്കിലും മലയാളി പൊളിയല്ലേ?

നാട്ടിൽ മലയാളി ഓണം ഉണ്ണാൻ പച്ചക്കറിക്ക് അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുമ്പോൾ ന്യൂയോർക്കിൽ ഒരു മലയാളി സ്വന്തമായി കൃഷി ചെയ്തു സായിപ്പൻമാർക്ക് വരെ നൽകുകയാണ്. ന്യൂയോർക്ക് റോക്ക് ലാൻഡ് കൗണ്ടിയിൽ താമസിക്കുന്ന തൊടുപുഴ കരിമണ്ണൂർ സ്വദേശി ജോസ് അക്കക്കാട്ട് ആണ് ഈ നാട്ടിൽ അസാധ്യമെന്നു തോന്നുന്ന കൃഷികൾ വിളയിച്ചെടുത്ത് സായിപ്പൻമാരെ അടക്കം അമ്പരപ്പിക്കുന്നത്. ആൾപ്പൊക്കമുള്ള പയറും പടവലവും മുതൽ തക്കാളിയും പാവലും കുക്കുമ്പറും എന്തിന് കഞ്ചാവ് വരെ നീളുന്നതാണ് മറുനാട്ടിലെ ഈ കർഷകശ്രീയുടെ പറമ്പിലെ കൃഷികൾ എന്നറിയുമ്പോൾ ആരുമൊന്ന് ഞെട്ടും.



വിളകളുടെ കൂടത്തിൽ കഞ്ചാവെന്ന് കണ്ട് ആരും സംശയിക്കേണ്ടെന്ന് ജോസേട്ടൻ. ‘ന്യൂയോർക്കിൽ മൂന്ന് മൂട് വരെ കഞ്ചാവ് നിയമവിധേയമാണ്. ഇത് പാകമായി കഴിയുമ്പോൾ അടുത്ത തൈകൾ നടാൻ നിയമം അനുവദിക്കും. തൊടിയിൽ കഞ്ചാവ് നട്ടെന്നു കരുതി ഞാൻ ഉപയോഗിക്കുകയൊന്നും ഇല്ല കേട്ടോ. ഒരു കൗതുകത്തിന്റെ പുറത്ത് നട്ടതാണ്. ഉച്ചയൊക്കെ ആകുമ്പോൾ വിളഞ്ഞ കഞ്ചാവിന്റെ മണം അവിടാകെ പരക്കും. ചുമ്മാതല്ല നാട്ടിൽ രഹസ്യമായി കഞ്ചാവ് നട്ടാലും പൊലീസ് കയ്യോടെ പൊക്കുന്ന

ത്. അത്രയ്ക്ക മണമാണ് ഇതിന്. ഇവിടെ ഇത് ഓഷധമായാണ് ഉപയോഗിക്കുന്നത്.' -നാട്ടിലെ വില്ലൻ ഇവിടുത്തെ ഹീറോ എന്ന് ജോസേട്ടന്റെ നിരീക്ഷണം.

37 വർഷമായി ജോസേട്ടൻ യുഎസിൽ വന്നിട്ട്. 1987 ലെ ആദ്യകാല കുടിയേറ്റക്കാരുടെ കൂട്ടത്തിൽ എത്തിയതാണ്. നാട്ടിൽ ഒന്നാന്തരം കർഷക കുടുംബമായിരുന്നു. കൃഷിയും കന്നുകാലിയുമെല്ലാം ധാരാളം. ചെറുപ്പത്തിലെ അപ്പന്റെ കൂടെ കൃഷിപ്പണിക്ക് ഇറങ്ങിയത് അതിനോടുള്ള താൽപ്പര്യം കൊണ്ടും കൂടിയായിരുന്നുവെന്ന് ജോസേട്ടന്റെ സാക്ഷ്യം.

**ഞങ്ങളും കൃഷിയിലേക്ക്**

ധാരാളം വെള്ളം കിട്ടുന്ന തോടുണ്ട് ജോസേട്ടന്റെ റോക്ക് ലാൻഡിലെ പറമ്പിൽ. വിത്തുകൾ വീട്ടിൽ വച്ച് മുളപ്പിച്ചതിനു ശേഷമാണ് കൃഷിയിറക്കുന്നത്. നാലു മാസമാണ് കൃഷി ചെയ്യാൻ അനുകൂലമായ കാലാവസ്ഥ പുറത്ത് കിട്ടൂ. ആ സമയം കൊണ്ടാണ് കൃഷിയിലെ പരീക്ഷണങ്ങളത്രയും. ' ആദ്യമായി ഫെൻസിങ് നടത്തുകയാണ് വേണ്ടത്. നാട്ടിൽ പന്നിയാണെങ്കിൽ ഇവിടെ മാനാണ്. വിളയാൻ നോക്കി നിൽക്കും ഇവറ്റകൾ. വന്നാൽ തരിമ്പു പോലും ബാക്കി വയ്ക്കാതെ തിന്നു കളയും. ഞാൻ ആദ്യം നല്ല വേലിയാണ് കെട്ടിയത്. എന്നിട്ടാണ് കൃഷി ഇറക്കിയത്.' - ജോസേട്ടന്റെ വാക്കുകളിൽ തഴക്കവും പഴക്കവും ചെന്ന കർഷകന്റെ അനുഭവങ്ങൾ.

ആരും ഒരിക്കൽ പോലും കൃഷിയിറക്കാത്ത സ്ഥലമായിരുന്നു ജോസേട്ടന്റേത്. അതുകൊണ്ടുതന്നെ മണ്ണ് നല്ല കന്നിപ്പെണ്ണിനെപ്പോലെ ഫലഭൂയിഷ്ഠവുമായിരുന്നു. ആദ്യമൊക്കെ 200 ഡോളർ ആദ്യം മുടക്കി മെക്സിക്കനെ കൊണ്ട് കിളപ്പിച്ചതിനു ശേഷമാണ് കൃഷിയിറക്കിയിരുന്നത്. മെക്സിക്കോയിൽ നിന്നുള്ള പണിക്കാരന് എന്ത് കൃഷി. അവൻ പണി കഴിഞ്ഞു പോകുമ്പോൾ പറമ്പിലെ കാനയൊക്കെ മണ്ണ് നിറഞ്ഞു മൂടുന്ന അവസ്ഥ. ഇതെല്ലാം വീണ്ടും തെളിയിച്ചെടുക്കാൻ പിന്നെയും പണിയണം.

അതോടെ ഒരു ടില്ലർ വാങ്ങി. അതുപയോഗിച്ച് മണ്ണ് ഇളക്കിയായി പിന്നീട് കൃഷി. ഫാം ലാൻഡ് ആയതു കൊണ്ട് ധാരാളം വെള്ളമുണ്ട്. പമ്പ് ഉപയോഗിച്ച് ജലസേചനവും നടത്തും. പണികളെല്ലാം തനിച്ചാണ്. ജോലിയിൽ നിന്ന് റിട്ടയർ ചെയ്തതോടെ ഭാര്യ ലിസമ്മയും കൈസഹായത്തിനായി എത്തും.





അങ്ങനെ കൃഷി കുടുംബകാര്യമാക്കി മാറ്റുകയായിരുന്നു ഇരുവരും ചേർന്ന്. ആളുയരമുള്ള പയറും പടവലവുമൊക്കെ തിളങ്ങി നിൽക്കുമ്പോൾ അതിനു പിന്നിൽ ലിസമ്മയുടെ കൂടി അധ്വാനമുണ്ടെന്ന് ജോസേട്ടന്റെ വെളിപ്പെടുത്തൽ കേട്ട് തൊട്ടടുത്ത് നിന്നിരുന്ന ലിസമ്മയ്ക്ക് നാണം.

തൈകൾ തിരഞ്ഞെടുക്കുന്നിടത്ത് തുടങ്ങും ജോസേട്ടന്റെ ശ്രദ്ധ. 24 ചുവട് 18 ഡോളറിന് കിട്ടുന്ന തൈകളാണ് വാങ്ങുന്നത്. മുത്ത് പോയ തൈകൾ കൊള്ളില്ല. പലരും ഇതൊന്നും മനസിലാക്കാതെ കൃഷിക്ക് ഇറങ്ങുന്നതു കൊണ്ട് വിജയം നേടാൻ കഴിയാതെ പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. 'ഫാം ലാൻഡിൽ 5 കൂട്ടം പയർ, പാവൽ, പടവലം, വെണ്ട, തക്കാളി, കുക്കുമ്പർ, പച്ച മുളക് എന്നിവയെല്ലാം കൃഷി ചെയ്തിട്ടുണ്ട്. ദൈവം സഹായിച്ച് നല്ല വിളവും ലഭിക്കുന്നുണ്ട്. രാസവളം ഒന്നും ഉപയോഗിക്കില്ല. കുഴിച്ചു വയ്ക്കുമ്പോൾ വേര് വേഗത്തിൽ പിടിക്കുന്നതിന് അൽപം വളം ചേർക്കും എന്നതൊഴിച്ചാൽ മറ്റു വളപ്രയോഗം ഒന്നുമില്ല. ഇലകൾ വീണു ചീഞ്ഞു വളം ആകുന്നതു തന്നെ ധാരാളം. പിന്നെ മഞ്ഞു വീഴ്ച കാരണം ഇവിടെ കീടങ്ങളില്ല. മാൻ മാത്രമാണ് ഇവിടുത്തെ വില്ലൻ. നല്ല പാകമായാൽ ഉടൻ വരും അവറ്റകൾ. നമ്മുടെ നാട്ടിലെ പന്നികൾ ചെയ്യുന്ന ദ്രോഹമാണ് ഇവിടുത്തെ മാനുകൾ ചെയ്യുക. നല്ല ഫെൻസിങ് ചെയ്യുക മാത്രമാണ് പോംവഴി.' - നൂറു മേനിയുടെ പിന്നിലെ ട്രിക്സ് വെളിപ്പെടുത്തി ജോസേട്ടൻ.

ന്യൂയോർക്കിലെ കാലാവസ്ഥയിൽ കപ്പയും കാച്ചുലും ചേമ്പുമൊന്നും പറ്റില്ലെന്ന് അദ്ദേഹം പറയുന്നു. മണ്ണിനു മുകളിലുള്ള വിളകൾ മാത്രമേ സാധിക്കൂ എന്നത് ചെറിയ വിഷമം ഉണ്ടാക്കുന്നതാണ്. ഇച്ചിരി കപ്പയും കാച്ചിലുമെല്ലാം കൃഷി ചെയ്യാൻ പറ്റാത്തതാണ് ജോസേട്ടനിലെ കർഷകന്റെ സ്വകാര്യ ദു:ഖം. എന്നാലും കൃഷി അത്ര എളുപ്പമുള്ള പണിയല്ല. ജോസേട്ടന്റെ കൃഷി കണ്ട് ആവേശം കൊണ്ട അയലത്തെ സായിപ്പിന് കിട്ടിയത് മുട്ടൻ പണി. സായിപ്പിന്റെ വിള പാകമായപ്പോൾ ദേ വരുന്നു, മാൻ. അതു പോയതിനേക്കാൾ വേഗത്തിൽ അയാൾ ജോസേട്ടന്റെ വീട്ടിലെത്തി. നിങ്ങളുടെ കൃഷി മാൻ



തൊട്ടില്ലല്ലോ? ഫെൻസിങ്ങിന്റെ ഗുണമേൻമ പറഞ്ഞു കൊടുക്കുക മാത്രമല്ല, അയാളുടെ പറമ്പിൽ ഫെൻസിങ് ചെയ്യാൻ ജോസേട്ടൻ കൂടി ഇറങ്ങുകയും ചെയ്തു.

**കൃഷി മണ്ണിൽ, ഫലം മനസ്സിന്**

എന്നും രാവിലെ ജോസേട്ടൻ തൊടിയിലേക്ക് ഇറങ്ങും. അവിടെ തന്റെ അരുമ ചെടികളോട് സംസാരിച്ചും തൊട്ടു തലോടിയും ഇടയ്ക്ക് ഇലയിൽ പിടിച്ച് ഒരു കിഴുക്കുമൊക്കെ കൊടുത്ത് കുറച്ചു നേരം ചെലവഴിക്കും. കായ്കൾ പച്ചയ്ക്ക് പറിച്ചു കഴിക്കും. കൃഷി ചെയ്ത് ഉണ്ടാക്കുന്നതൊക്കെ സുഹൃത്തുക്കൾക്കും പരിചയക്കാർക്കും മറ്റും സൗജന്യമായി കൊടുക്കും. ഇത്രയും നാളായി പച്ചക്കറികൾ കൊടുത്ത വകയിൽ ഒരു രൂപ ആരുടെയും കയ്യിൽ നിന്ന് വാങ്ങിച്ചിട്ടില്ല.

'ചിലർ വന്നു പച്ചക്കറി ചോദിച്ചു വാങ്ങിയശേഷം പണം നൽകും. ഞാൻ നിരസിക്കും. വെളുമ്പൻമാർക്ക് എന്റെ കൃഷി കണ്ട് കൗതുകമാണ്. പലരും കാണാനായി വരും. അവർക്ക് പടവലങ്ങയൊക്കെ കണ്ട് അന്തം വിടുന്ന സായിപ്പിനെ കാണാൻ നല്ല കോമഡിയാണ്. ഞാൻ അവർക്ക് പയറും പടവലവുമൊക്കെ പറിച്ചു കൊടുക്കും. എന്നിട്ട് നമ്മൾ കറി വയ്ക്കുന്ന രീതിയൊക്കെ പറഞ്ഞു കൊടുക്കും. ചിലരൊക്കെ പരീക്ഷിച്ച് രുചിയെക്കുറിച്ച് വാചാലരാകാറുണ്ട്. അതൊക്കെ കേൾക്കുമ്പോൾ നമുക്കുണ്ടാകുന്ന സുഖം പറഞ്ഞറിയിക്കാൻ കഴിയില്ല. എറ്റവും നല്ല ഹോബി എന്താണെന്ന് ചോദിച്ചാൽ ഞാൻ പറയും, കൃഷി എന്ന്.' - ജോസേട്ടന്റെ വാക്കുകളിൽ കർഷകന്റെ ചാരിതാർത്ഥ്യം.

മെട്രോപോളിറ്റൻ ട്രാൻസിറ്റ് അതോറിറ്റിയിൽ നിന്ന് റിട്ടയർ ചെയ്ത ശേഷം മുഴുവൻ സമയ കൃഷിയുമായി തിരക്കിലാണ് ജോസേട്ടൻ. ഭാര്യ ലിസമ്മ ജോസും തൊടുപുഴ സ്വദേശിയാണ്. നഴ്സിങ് ഹോമിൽ നിന്ന് റിട്ടയർ ചെയ്തു. 2 മക്കളും അവരുടെ ഭാര്യമാരും ഡോക്ടർമാരാണ്. ഒരാൾ ഫ്ളോറിഡയിലും മറ്റൊരാൾ മാൻഹാട്ടണിലും. അപ്പന്റെയും അമ്മയുടെയും കൃഷി അവർക്കും സന്തോഷമാണ്. എല്ലാ വർഷവും നേരിൽ പോയും പാഴ്സലായും ധാരാളം പച്ചക്കറികൾ വീട്ടിലെത്തുന്ന സന്തോഷം ഇരുവർക്കും.

*കൃഷിയിൽ ചില്ലറ പരീക്ഷണങ്ങളും ജോസേട്ടൻ നടത്തുകയും അത്ഭുതങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ സാക്ഷ്യമെന്നോണം വീടിന്റെ മുന്നിൽ നിറയെ കായ്ച്ചു നിൽക്കുന്ന ഏഷ്യൻ പെയറുകളുണ്ട്. നമ്മുടെ നാട്ടിലെ സബർജലി. വെറും പെയർ അല്ല ഫ്ലവറിംഗ് ട്രീയുമായി ബഡ് ചെയ്ത് സ്വയം ഉണ്ടാക്കിയെടുത്ത മരങ്ങൾ. സാധാരണ പിയറിനേക്കാൾ വലിപ്പവും മധുരവും കൂടുതലാണിതിന്. മാത്രമല്ല ബഡ് ചെയ്ത ചെടിക്ക് ഭ്രാന്ത് പിടിച്ചതു പോലെ കായ്ക്കുകയും ചെയ്യുന്നു. റോഡിലൂടെ പോകുന്നവർ വണ്ടി നിർത്തി ഇത് കാണാൻ വരുന്നത് പതിവാണെന്ന് ജോസേട്ടൻ പറയുന്നു.*

ആദ്യമൊക്കെ വിളവ് പള്ളിയിൽ കൊണ്ടുപോയി കാണുന്നവർക്ക് കൊടുത്തിരുന്നു. പക്ഷേ കൊണ്ടു ചെല്ലുന്ന ദിവസം എല്ലാവരും പള്ളിയിൽ കാണണമെന്നില്ല. കിട്ടാത്തവരിൽ ചിലർക്ക് പരിഭവമായി. അങ്ങനെയാണ് ആ പതിവ് നിർത്തിയതെന്ന് ജോസേട്ടന്റെ വെളിപ്പെടുത്തൽ. 'കൃഷി മാത്രമല്ല നായാട്ടിലും ചൂണ്ടയിടുന്നതിലുമെല്ലാം പ്രാവീണ്യമുണ്ട് ജോസേട്ടന്. കൂട്ടായി അടുത്തു തന്നെയുള്ള 10-12 മലയാളികളുമുണ്ട്. മുൻപ് 2 ബീൻ ബാഗ് നിറയെ മീൻ പിടിച്ചു കൊണ്ടുവന്ന് എല്ലാവർക്കും കൊടുത്തിരുന്ന കാലമുണ്ടായിരുന്നു. നായാട്ടിന് പോയാൽ 2-3 മാനിനെ ഒക്കെയായാണ് മടക്കം. തിരിച്ചു വന്നിട്ട് പിന്നെ എല്ലാവരെയും വിളിച്ചു കൂട്ടി ആഘോഷമാണ്.' - ജോസേട്ടന്റെ കഥയ്ക്ക് ലിസമ്മ ചേച്ചി വക ടെയിൽ എൻഡ്.




Blue Ocean
Wealth Solutions
A member of the MassMutual Financial Group
Celebrating 30th Service & Commitment
Philipose Samuel
I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals
BUSINESS NEEDS
PERSONAL NEEDS
Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements
Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs
Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*
Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance
Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning
Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies
MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998
Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283
Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഓപറേഷൻ സിന്ദൂർ ഓണപ്പൂക്കളമാക്കിയവർക്ക് രാജ്യസ്നേഹമോ...രാഷ്ട്രീയ ലക്ഷ്യമോ..?

**എ.എസ് ശ്രീകുമാർ**

തൃശൂർ, കുന്നംകുളത്ത് യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റിനെ ഇടിമുറിയിലിട്ട് മർദിച്ചതിന്റെ പേരിൽ കേരളാ പോലീസ് പുലിവാല് പിടിച്ചിരിക്കെ കൊല്ലം ശാസ്താംകോട്ടയിൽ മറ്റൊരു വിചിത്ര സംഭവമുണ്ടായി. ശാസ്താംകോട്ട മുതുപിലാക്കാട് പാർത്ഥസാരഥി ക്ഷേത്രത്തിന് മുന്നിൽ ഇട്ട ‘ഓപറേഷൻ സിന്ദൂർ‘ എന്ന് പേരെഴുതിയ പൂക്കളമാണ് വിവാദമുണ്ടാക്കിയത്. ഇതേചൊല്ലിയുണ്ടായ തർക്കത്തിൽ ആർ.എസ്.എസ് അനുഭാവികളും പ്രവർത്തകരുമായ 27 പേർക്കെതിരെ ശാസ്താംകോട്ട പൊലീസ് കേസെടുത്തു. കലാപം ഉണ്ടാക്കണമെന്ന ലക്ഷ്യത്തോടെ ക്ഷേത്രമുറ്റത്ത് രാഷ്ട്രീയപാർട്ടിയുടെ ചിഹ്നമുള്ള പൂക്കളമിട്ടെന്നാണ് എഫ്.ഐ.ആറിൽ പറയുന്നത്.

ഓണാഘോഷത്തോടനുബന്ധിച്ച് മുതുപിലാക്കാട് പാർത്ഥസാരഥി ക്ഷേത്ര കമ്മിറ്റി എടുത്ത തീരുമാനം അനുസരിച്ച് വിവിധ ടീമുകൾ ക്ഷേത്ര മതിൽക്കെട്ടിന് പുറത്ത് പൂക്കളമിട്ടു. ഇതിൽ ആർ.എസ്.എസുകാർ തയ്യാറാക്കിയ പൂക്കളത്തിൽ ‘ഓപറേഷൻ സിന്ദൂർ‘ എന്ന് രേഖപ്പെടുത്തുകയും ചെയ്തു. ഇതിനെതിരെ ക്ഷേത്ര ഭരണ സമിതി നൽകിയ പരാതിയെ തുടർന്ന് പോലീസ് എത്തി. പൂക്കളം നീക്കം ചെയ്യണമെന്നും ഇല്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കുമെന്നും യുവാക്കൾക്കെതിരെ കേസെടുക്കുമെന്നും പോലീസ് ഭീഷണിപ്പെടുത്തി. ‘‘ഓപ്പറേഷൻ സിന്ദൂർ ഇതിൽ നിന്ന് മാറ്റണം, തിരുവേണ നാളിലാണോ ഓപ്പറേഷൻ സിന്ദൂർ, മാറ്റണം ഇപ്പോൾ, എല്ലാം, മാറ്റടോ...‘‘ എന്ന് പോലീസുകാർ ആവശ്യപ്പെട്ടു. എന്നാൽ യുവാക്കൾ പൂക്കളം മാറ്റാൻ തയ്യാറായില്ലത്രേ.




‘ഓപ്പറേഷൻ സിന്ദൂർ‘ എന്ന പേരിൽ പൂക്കളം ഒരുക്കിയതിന് കേരള പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത നടപടി ഒരു കാരണവശാലും അംഗീകരിക്കാനാവില്ലെന്നാണ് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിന്റെ പ്രതികരണം. ‘‘ഇത് കേരളമാണ്. ഇന്ത്യയുടെ ഭാഗമെന്നതിൽ അഭിമാനിക്കുന്ന നമ്മുടെ നാട്ടിൽ ഇതൊരിക്കലും അംഗീകരിക്കാനാകില്ല. ദേശസ്നേഹികളായ എല്ലാ ഭാരതീയരുടെയും അഭിമാനമാണ് ഓപ്പറേഷൻ സിന്ദൂർ. നമ്മുടെ സായുധ സേനകളുടെ കരുത്തിന്റെയും പോരാട്ട വീര്യത്തിന്റെയും പ്രതീകമാണത്. സൈനിക വേഷത്തിൽ അതിർത്തി കാക്കുകയും മൂവർണ്ണക്കൊടിക്ക് വേണ്ടി ജീവൻ ബലിയർപ്പിക്കുകയും ചെയ്തിട്ടുള്ള ആയിരക്കണക്കിന് മലയാളികളുണ്ടെന്നത് അധികാരികൾ ഓർമ്മിക്കണം...‘‘ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

അതേസമയം, പൂക്കള വിവാദത്തിൽ രാഷ്ട്രീയം ഉണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. മുതുപിലാക്കാട് പാർത്ഥസാരഥി ക്ഷേത്ര കമ്മിറ്റിയിൽ വിവിധ രാഷ്ട്രീയ വിശ്വാസമുള്ളവർ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ബി.ജെ.പിക്ക് കമ്മിറ്റിയിൽ യാതൊരു സ്വാധീനവുമില്ല. കമ്മിറ്റിക്കാർ സി.പി.എം

അനുഭാവം പ്രകടിപ്പിക്കുന്ന രീതിയിലാണ് ഈ വിഷയത്തോട് പ്രതികരിച്ചത്. ക്ഷേത്രത്തിൽ ആർ.എസ്.എസ് ശാഖ പ്രവർത്തിക്കുന്നില്ല. അവർ പുറത്താണ് അഭ്യാസങ്ങൾക്കും മറ്റുമായി സമ്മേളിക്കുന്നത്. അവർ ഇട്ട പൂക്കളത്തിൽ 'ഓപ്പറേഷൻ സിന്ദൂർ' എന്ന രേഖപ്പെടുത്തിയതിന് പുറമെ ആർ.എസ്.എസിന്റെ കൊടിയും ആലേഖനം ചെയ്തിട്ടുണ്ട്. താമര അടയാളവും കാണാം. അതാണ് കമ്മിറ്റിക്കാരെ ചൊടിപ്പിച്ചത്.

സി.പി.എമ്മും ആർ.എസ്.എസും പരമ്പരാഗത വൈരികളാണ്. ശാസ്താംകോട്ടയിലെ ഈ അമ്പല പരിസരത്ത് ആർ.എസ്.എസുകാർ അത്ര ശക്തരുമല്ല. അവരുടെ സാന്നിധ്യം പൂക്കളത്തിലൂടെ കാട്ടുന്നതിനു വേണ്ടിയാവാം അതിൽ 'ഓപ്പറേഷൻ സിന്ദൂർ' എന്നെഴുതിയതും ആർ.എസ്.എസിന്റെ കാവി കൊടി ആലേഖനം ചെയ്തതും. കേരളത്തിൽ ഏതൊക്കെ രീതിയിൽ ഏതെല്ലാം മേഖലയിൽ തങ്ങളുടെ ശക്തി തെളിയിച്ച് തിരഞ്ഞെടുപ്പ് നേട്ടമുണ്ടാക്കാനുള്ള തത്രപ്പാടിലാണ് ബി.ജെ.പിയും പരിവാരങ്ങളും. പൂക്കളത്തിലെ കൊടിയുടെ രാഷ്ട്രീയം നമുക്ക് മനസിലാക്കാം. പക്ഷേ, പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി ഇന്ത്യ നടത്തിയ 'ഓപ്പറേഷൻ സിന്ദൂർ' സംഘപരിവാറുകാരുടെ തറവാട്ട് സ്വത്തായിരുന്നോ എന്നാണ് പരക്കെ ഉയരുന്ന ആക്ഷേപം.

140 കോടി ഇന്ത്യൻ ജനതയുടെ അഭിമാനമായ സൈനിക നീക്കമായിരുന്നു 'ഓപ്പറേഷൻ സിന്ദൂർ'. ഭാരതത്തിന്റെ യശസ്സ് ഉയർത്തിയ യുദ്ധത്തിൽ പാകിസ്ഥാൻ ആയുധം വെച്ച് കീഴടങ്ങുകയും ചെയ്തു. പഹൽഗാമിൽ ഭീകരർ മായ്ച്ച് കളഞ്ഞത് 26 നിരപരാധികളായ ഭാര്യമാരുടെ സിന്ദൂരമാണ്. സീമന്തരേഖയിൽ സിന്ദൂരം ചാർത്തുകയെന്നത് ജാതി മത ഭേദമെന്യേ ഭാരത സ്ത്രീകളുടെ അവകാശവും അഭിമാനവുമാണ്. തനിക്ക് സ്നേഹനിധിയായ ഒരു ഭർത്താവ് ഉണ്ടെന്നും മറ്റാരും തന്നെ നോക്കേണ്ടെന്നും പ്രതീകാത്മകമായി സൂചിപ്പിക്കുന്നതാണ് ഈ സിന്ദൂരപ്പൊട്ട്. ഭർത്താവിന്റെ ആയുരാരോഗ്യത്തിന്റേയും വിവാഹ ജീവിതത്തിലെ ഐശ്വര്യത്തിന്റേയും പ്രതീകമായാണ് നെറ്റിയിൽ ചാർത്തുന്ന ചുവന്നപൊട്ടിനെ ഇന്ത്യൻ സ്ത്രീകൾ കണക്കാക്കുന്നത്.



പരമ്പരാഗതമായും സാംസ്കാരികമായും ഈ സിന്ദൂര തിലകത്തിന് വലിയ പ്രാധാന്യമുണ്ട്. എന്നാൽ ഭർത്താവ് മരിച്ചാൽ, വിധവകളാക്കപ്പെട്ടാൽ, ആ നിമിഷം തന്നെ ഭാര്യ ആ സിന്ദൂരം മായ്ച്ച് കളയും. അതുകൊണ്ടാണ് മായ്ച്ചുകളഞ്ഞ സിന്ദൂരത്തിന് മറുപടി കൊടുത്തപ്പോൾ ഇന്ത്യൻ സൈന്യം ആ സർജിക്കൽ സ്ട്രൈക്കിന് 'ഓപ്പറേഷൻ സിന്ദൂർ' എന്ന ഏറ്റവും ഉചിതമായ പേര് കൊടുത്തത്. പ്രിയ ഭർത്താക്കന്മാരെ നഷ്ടപ്പെട്ട് നിത്യദുഖത്തിൽ കഴിയുന്ന 26 വിധവകൾക്കുള്ള ആദരമാണ് 'ഓപ്പറേഷൻ സിന്ദൂർ'. അതിന് ഒരു രാഷ്ട്രീയപ്പാർട്ടിക്കും പേറ്റന്റ് കൊടുത്തിട്ടുമില്ല.

ഓപറേഷൻ സിന്ദൂറിന് ശേഷം എന്നെന്നും ഈ നേട്ടം ഓർമിപ്പിക്കപ്പെടണമെന്ന് ആഗ്രഹിച്ച് സ്വന്തം കുഞ്ഞുങ്ങൾക്ക് ആ നാമം കൊടുത്ത മാതാപിതാക്കൾ നമ്മുടെ രാജ്യത്ത് നിരവധിയാണ്. ഉത്തർപ്രദേശിലെ 17 കുഞ്ഞുങ്ങൾക്കാണ് അവരുടെ മാതാപിതാക്കൾ സിന്ദൂർ എന്ന് ആ പോരാട്ട നാളുകളിൽ പേരിട്ടത്. കഴിഞ്ഞ മെയ് 7-നാണ് ഓപറേഷൻ സിന്ദൂർ ആരംഭിച്ചത്. മെയ് 10, 11 തീയതികളിൽ ഉത്തർപ്രദേശിലെ കുശിനഗർ മെഡിക്കൽ കോളേജിൽ ജനിച്ച 17 നവജാത ശിശുക്കൾക്കാണ് സിന്ദൂർ എന്ന പേരിട്ടത്. ''പാകിസ്ഥാന് ഉചിതമായ മറുപടി നൽകിയതിന്...'' എന്ന് പറഞ്ഞുകൊണ്ട് പെൺകുഞ്ഞിന് ജന്മം നൽകിയ അർച്ചന ഷാഹി തന്റെ മകൾക്ക് സിന്ദൂർ എന്ന് പേരിട്ടത്.

'സിന്ദൂർ' എന്ന പേര് തന്റെ മകളിൽ ധൈര്യം പകരുമെന്നാണ് ഭതാഹി ബാബു ഗ്രാമത്തിൽ നിന്നുള്ള വ്യാസ്മുനിക്ക പറയാനുള്ളത്. തന്റെ മകൾ വലുതാകുമ്പോൾ ആ വാക്കിന്റെ അർത്ഥം അവൾക്ക് മനസിലാകും. ഭാരത മാതാവിന് വേണ്ടി ഉത്തരവാദിത്തമുള്ള സ്ത്രീയായി അവൾ സ്വയം മാറുമെന്നും അവർ കൂട്ടിച്ചേർത്തു. അതാണ് യഥാർത്ഥ രാജ്യസ്നേഹം. ഇങ്ങനെയൊക്കെയാണ് നാം അഭിമാനബോധമുള്ള ഭാരതീയരാണെന്ന് തെളിയിക്കേണ്ടതും. അല്ലാതെ ഒരമ്പലമുറ്റത്ത് സംഘപരിവാർ ധ്വനിയിൽ പൂക്കളമിടുന്നതും അതിനെ വേറൊരു കൂട്ടർ അടച്ചാക്ഷേപിക്കുന്നതും കേവലമായ രാഷ്ട്രീയ താത്പര്യങ്ങളാണെന്ന് തിരിച്ചറിയാൻ ഹിമാലയൻ ബുദ്ധിയൊന്നും വേണ്ട. ശാസ്താംകോട്ടയിലെ പോലീസ് പറയുന്നതുപോലെ ഒരു പൂക്കളത്തിന്റെ പേരിൽ ആഹ്വാനം ചെയ്യുന്ന കലാപത്തിന് ഇവിടെ യാരും നിന്നു കൊടുക്കത്തുമില്ല. അതിന് നമുക്ക് നേരമില്ല സാർ...


MALABAR
GOLD & DIAMONDS
300 BRANCHES SPREAD ACROSS USA, UAE, OMAN, QATAR, KUWAIT, BAHRAIN, KSA, SINGAPORE, MALAYSIA & INDIA

# കുന്നംകുളത്ത് യൂത്ത് കോൺഗ്രസ് നേതാവിനെ മർദിച്ചവശനാക്കിയ പോലീസ് 'ഗുണ്ടകൾ' കുടുങ്ങും




**എ.എസ് ശ്രീകുമാർ**

കേരള പോലീസിന്റെ പ്രതിച്ഛായ തകർത്ത ഒരു സംഭവത്തിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ വലിയ പ്രതിഷേധങ്ങൾക്ക് കാരണമായിരിക്കുന്നു. തൃശ്ശൂർ, കുന്നംകുളത്ത് യൂത്ത് കോൺഗ്രസ് ചൊവ്വന്നൂർ മണ്ഡലം പ്രസിഡന്റ് വി.എസ് സുജിത്തിനെ പൊലീസ് സ്റ്റേഷനിലെ ഇടിമുറിയിൽ വെച്ച് ക്രൂര മർദനത്തിന് ഇരയാക്കിയത് പോലീസ് ഗുണ്ടാവിളയാട്ടത്തിന്റെ ഞെട്ടിപ്പിക്കുന്ന മറ്റൊരു ഉദാഹരണമാണ്. തങ്ങൾ ശിക്ഷിക്കപ്പെടുമെന്ന് ഉറപ്പായ സാഹചര്യത്തിൽ നരഭോജികളായ നാല് പോലീസുകാർ, തങ്ങളുടെ മൂന്നാംമുറ ഒതുക്കിത്തീർക്കാൻ സുജിത്തിനോടും പ്രാദേശിക കോൺഗ്രസ് നേതാവ് വർഗീസ് ചൊവ്വന്നൂരിനോടും 20 ലക്ഷം വരെ പണം വാഗ്ദാനം ചെയ്തെന്നാണ് ഏറ്റവും പുതിയ വിവരം. ഇത് പോരെങ്കിൽ കൂടുതൽ നൽകാനും അവർ തയ്യാറാണത്രേ.

കുന്നംകുളം പൊലീസ് സ്റ്റേഷനിൽ സുജിത്തിനെ അതിക്രൂരമായി മർദിക്കുന്ന ദൃശ്യങ്ങൾ പുറത്ത് വന്നത് ഇന്നലെയാണ്. രണ്ട് വർഷത്തെ നിരന്തര പോരാട്ടങ്ങൾക്ക് ശേഷം വിവരാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ദൃശ്യങ്ങൾ സുജിത്തിന് കൈമാറാൻ വിവരാവകാശ കമ്മിഷന്റെ കർശനമായ ഉത്തരവുണ്ടായത്. 2023 ഏപ്രിൽ അഞ്ചിനായിരുന്നു കേസിനാസ്പദമായ സംഭവം. ചൊവ്വന്നൂരിൽ വെച്ച് വഴിയരികിൽ നിന്നിരുന്ന സുഹൃത്തുക്കളെ പൊലീസുകാർ ഭീഷണിപ്പെടുത്തിയതിനെതിരെ സുജിത്ത് പ്രതികരിച്ചതാണ് പോലീസുകാരെ ചൊടിപ്പിച്ചത്. ഒരു കാരണവുമില്ലാതെ തന്റെ സുഹൃത്തുക്കളെ ഭീഷണിപ്പെടുത്തിയത് ശരിയല്ലെന്ന് പറഞ്ഞ സുജിത്തിനെ എസ്.ഐ നുഹ്മാനും കൂട്ടരും പോലീസ് ജീപ്പിൽ സ്റ്റേഷനിലേക്ക് കൊണ്ട് പോയി ഷർട്ട് അഴിച്ചുമാറ്റി മാറിമാറി മർദിക്കുകയായിരുന്നു. ചെവിക്കും മുഖത്തും അടിക്കുകയും കൈമുട്ടുകൊണ്ട് പുറത്ത് കുത്തുകയും ചെയ്യുന്ന ദൃശ്യങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്.

ഇതിനിടെ ഒരു പോലീസുകാരൻ സുജിത്തിന്റെ മാലയും കൈചെയിനും ഊരി വാങ്ങുന്നതും കാണാം. മദ്യപിച്ച് ബഹളമുണ്ടാക്കുകയും പൊലീസിനെ ഉപദ്രവിക്കുകയും കൃത്യ നിർവഹണം തടസപ്പെടുത്തുകയും ചെയ്തു




**കുന്നംകുളത്തെ നിരപരാധിയായ സുജിത്തിനെ മർദിച്ച എസ്.ഐ നുഹ്മാൻ, സി.പി.ഒമാരായ ശശീന്ദ്രൻ, സന്ദീപ്, സജീവൻ എന്നിവരെ അന്ന് സ്ഥലം മാറ്റിയിരുന്നു. ഒരു തവണ ഇങ്ങനെ ശിക്ഷിച്ചവർക്കെതിരെ ഇനി നടപടിയെടുക്കാനാവില്ലെന്നാണ് ചില ഉന്നത പോലീസ് ഉദ്യാഗസ്ഥരുടെ വാദം. എന്നാൽ സ്ഥലം മാറ്റം ഒരു ശിക്ഷാ നടപടിയല്ല. ഒരു കുറ്റവും ചെയ്തില്ലെങ്കിലും മൂന്നു വർഷം കൂടുമ്പോൾ സർക്കാർ ഉദ്യോഗസ്ഥർക്ക് സ്വാഭാവികമായ സ്ഥലംമാറ്റം ലഭിക്കുമല്ലോ.**

എന്ന് ജാമ്യമില്ലാ വകുപ്പ് പ്രകാരം വ്യാജ എഫ്.ഐ.ആർ ഉണ്ടാക്കി സുജിത്തിനെ രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ ജയിലിൽ അടക്കാനായിരുന്നു പൊലീസിന്റെ കുൽസിത ശ്രമം. എന്നാൽ വൈദ്യ പരിശോധനയിൽ സുജിത്ത് മദ്യപിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ചാവക്കാട് മജിസ്ട്രേറ്റ് കോടതി അദ്ദേഹത്തിന് ജാമ്യം അനുവദിക്കുകയുണ്ടായി. തുടർന്ന് കോടതിയുടെ നിർദ്ദേശ പ്രകാരം നടത്തിയ വൈദ്യ പരിശോധനയിൽ, പോലീസ് മർദനത്തിൽ സുജിത്തിന് കേൾവി തകരാർ സംഭവിച്ചതായി കണ്ടെത്തിയിരുന്നു.

സി.സി.ടി.വി ക്യാമറയിൽ പതിഞ്ഞതിനേക്കൾ ക്രൂരമായ മർദനമാണ് സി.സി.ടി.വി ഇല്ലാത്ത ഇടത്തുവെച്ച് തനിക്ക് അനുഭവിക്കേണ്ടി വന്നതെന്നാണ് സുജിത്ത് പറയുന്നത്. ലാത്തി കൊണ്ട് 45-ലധികം തവണയാണ് കാലിനടിയിൽ അടിച്ചത്. ജീപ്പിലിട്ടും മർദിച്ചു. അതിക്രമം നടത്തിയ മുഴുവൻ പോലീസുകാർക്കെതിരേയും നടപടി ഉണ്ടാവും വരെ നിയമപോരാട്ടം തുടരുമെന്നും സുജിത്ത് വ്യക്തമാക്കിയിട്ടുണ്ട്. പോലീസുകാർ വാഗ്ദാനം ചെയ്ത പണം സുജിത്ത് നിരാകരിച്ചു. തൃശൂർ സിറ്റി പൊലീസ് കമ്മീഷണറുടെ നിർദ്ദേശ പ്രകാരം അന്നത്തെ എ.സി.പിയായിരുന്ന കെ.സി സേതുവിന്റെ അന്വേഷണ റിപ്പോർട്ടിൽ സുജിത്തിന് മർദനമേറ്റ കാര്യം വിവരിക്കുന്നുണ്ട്. മർദനത്തിൽ സുധീഷിന്റെ കർണ്ണപടം പൊട്ടുകയും 0.5 ശതമാനം കേൾവിക്കുറവ് സംഭവിക്കുകയും ചെയ്തു.

കേരളാ പോലീസിലെ 25 ശതമാനം പോർ കൊടിയ ക്രിമിനലുകളാണെന്നാണ് റിപ്പോർട്ടുകൾ. സുജിത്ത് നേരിട്ടതു പൊലെയുള്ള നിരവധി സംഭവങ്ങളും കസ്റ്റഡി മരണങ്ങളും കേരളത്തിൽ സർവസാധാരണമാണ്. പോലീസിലെ ഈ ഗുണ്ടാ രാജ് 'ജനമൈത്രി പോലീസ്' എന്ന ആശയത്തെ അട്ടിമറിക്കുന്നതാണ്. പരമ്പരാഗതമായി പിന്തുടർന്നു വന്നിരുന്ന ശൈലിയിൽനിന്നും തീർത്തും വ്യത്യസ്തമായി പോലീസ് വിഭാഗത്തിലെ തന്നെ അംഗങ്ങൾ ആവിഷ്കരിച്ചിട്ടുള്ള പോലീസിംഗ് സംവിധാനമാണ് കമ്മ്യൂണിറ്റി പോലീസിങ്. ഈ ജനസൗഹൃദ പോലീസ് സംവിധാനം ജനമൈത്രി എന്ന പേരിൽ അറിയപെടുന്നു. സുരക്ഷയ്ക്ക് പ്രാധാന്യം നൽകികൊണ്ടും, സമൂഹത്തിൽ തന്നെ ലഭ്യമായ വിവരങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും പൊതുജന സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്.

ഈ പദ്ധതിയിലൂടെ ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരെ സമൂഹത്തിലെ ഓരോ വിഭാഗങ്ങളുടെയും വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ നേരിടുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രാപ്തരാക്കുക എന്നതാണ് കമ്മ്യൂണിറ്റി പോലീസിംഗ് കൊണ്ട് അർത്ഥമാക്കുന്നത്. 2008 മാർച്ചിൽ കേരള സർക്കാർ തിരഞ്ഞെടുക്കപ്പെട്ട 20 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാർത്ഥം ജനമൈത്രി സുരക്ഷാപദ്ധതി നടപ്പാക്കുകയുണ്ടായി. നിലവിൽ കേരളത്തിലെ മിക്കവാറും പോലീസ് സ്റ്റേഷനുകളിലും ഈ പദ്ധതി നടപ്പിലായിട്ടുണ്ട്. കേരള സമൂഹത്തിൽ അതിശക്തമായ ഗുണഫലങ്ങൾ ഉളവാക്കുവാൻ പദ്ധതിയ്ക്ക് കഴിഞ്ഞുവെന്ന് പോലീസ് അവകാശം ഉന്നയിക്കുമ്പോഴാണ് കസ്റ്റഡി മർദനങ്ങൾ തുടർക്കഥയാവുന്നത്.

സുജിത്ത് കൊടിയ മർദനത്തി

നിരയായ കുന്നുംകുളം പോലീസ് സ്റ്റേഷനിലും ജനമൈത്രി പോലീസിങ് ഉണ്ട്. എന്നാൽ അവിടത്തെ ജനമൈത്രി പോലീസുകാർ സുജിത്തിനെ മർദിക്കുന്നത് കൈയ്യും കെട്ടി നോക്കി നിൽക്കുന്നത് ദൃശ്യത്തിലുണ്ട്. സമൂഹത്തിലെയും പോലീസിലെയും ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട്, സമൂഹത്തിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന കുറ്റകൃത്യങ്ങൾക്കെതിരെ പോരാടുവാനും ജനകീയ തലത്തിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ജനങ്ങളുടെ ഉത്തരവാദിത്തപൂർണമായ പങ്കാളിത്തം കൂടി ആവശ്യപ്പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി പോലീസിങ് എങ്കിൽ പോലീസിലെ ഒരു വിഭാഗം ആൾക്കാർ ജനങ്ങളുടെ കാപാലികരായി മാറുന്നുവെന്നതാണ് യാഥാർത്ഥ്യം.

അതേസമയം, ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസ് സേന എന്ന ബഹുമതി കേരളാ പോലീസ് സ്വന്തമാക്കിയിട്ടുണ്ട്. ക്രമസമാധാന പാലനത്തിൽ മുൻനിരയിൽയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളാ പോലീസ്. രാജ്യത്ത് ഏറ്റവുമധികം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യപെടുന്നത് കേരളത്തിലാണ്. നിയമ സംഹിതയിലൂടെ കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം നടപ്പിലാക്കിയ ദക്ഷിണേഷ്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. പക്ഷേ പോലീസിലെ ഒരു വിഭാഗം ചെയ്തു കൂട്ടുന്ന അക്രമങ്ങൾ സേനയുടെ മൊത്തം പ്രതിച്ഛായയ്ക്ക് കളങ്കമേൽപ്പിക്കുന്നതാണ്.


കുന്നംകുളത്തെ നിരപരാധിയായ സുജിത്തിനെ മർദിച്ച എസ്.ഐ നുഹ്മാൻ, സി.പി.ഒമാരായ ശശീന്ദ്രൻ, സന്ദീപ്, സജീവൻ എന്നിവരെ അന്ന് സ്ഥലം മാറ്റിയിരുന്നു. ഒരു തവണ ഇങ്ങനെ ശിക്ഷിച്ചവർക്കെതിരെ ഇനി നടപടിയെടുക്കാനാവില്ലെന്നാണ് ചില ഉന്നത പോലീസ് ഉദ്യാഗസ്ഥരുടെ വാദം. എന്നാൽ സ്ഥലം മാറ്റം ഒരു ശിക്ഷാ നടപടിയല്ല. ഒരു കുറ്റവും ചെയ്തില്ലെങ്കിലും മൂന്നു വർഷം കൂടുമ്പോൾ സർക്കാർ ഉദ്യോഗസ്ഥർക്ക് സ്വാഭാവികമായ സ്ഥലംമാറ്റം ലഭിക്കുമല്ലോ. സുജിത്തിന്റെ കാര്യത്തിൽ കുന്നംകുളം ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി സ്വമേധയാ ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഇപ്പോൾ പുറത്തായ സി.സി.ടി.വി ദൃശ്യങ്ങൾ ആരോപണ വിധേയരായ പോലീസുകാർക്ക് മതിയായ ശിക്ഷ ലഭിക്കാൻ പര്യാപ്തമാണ്.

നാല് പോലീസുകാരും ശിക്ഷക്കപ്പെടേണ്ടവർ തന്നെയാണ്. അവരെ സർവീസിൽ നിന്ന് ഡിസ്മിസ് ചെയ്ത ശേഷമേ തുടരന്വേണത്തിനും വിചാരണയ്ക്കും വിട്ടുകൊടുക്കാവൂ എന്നാണ് പൊതുവായി ഉയരുന്ന ആവശ്യം. മർദനത്തിൽ ചെവിക്ക് സാരമായ പരിക്കേറ്റ സുജുത്ത് ആശുത്രിയിൽ ചികിൽസ തേടിയിരുന്നു. ദീർഘകാല പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പരിക്കിന്റെ പേരിൽ ബി.എൻ.എസ് 116 വകുപ്പ് പ്രകാരവും, അനധികൃതമായി തടങ്കലിൽ വച്ചതിന് ബി.എൻ.എസ് 127 സെക്ഷൻ അനുസരിച്ചും, ലാത്തി പോലുള്ള ആയുധം കൊണ്ട് അടിച്ചതിന് ബി.എൻ.എസ് 129 സെക്ഷൻ പ്രകാരവും, കൊലപാതക ശ്രമത്തിന് ബി.എൻ.എസ് 109 അനുസരിച്ചും പോലീസുകാർക്കെതിരെയുള്ള കേസ് നിലനിൽക്കുന്നതാണെന്ന കാര്യത്തിൽ സംശയമില്ല.





# കാക്കിക്കുള്ളിലെ ക്രൂരൻമ്മാർ



(ബ്ലെസ്സൺ ഹ്യൂസ്റ്റൺ)

തൃശ്ശൂരിൽ പോലീസ് സ്റ്റേഷനിൽ യൂത്ത് കോൺഗ്രസ് നേതാവിനെ അതിക്രൂരമായി മർദിച്ചത് ഇന്ന് ഏറെ വിവാദം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. 2023 ൽ നടന്ന സംഭവം അന്ന് വിവാദം സൃഷ്ടിച്ചെങ്കിലും ഇത്രയേറെ ജനശ്രദ്ധ കിട്ടിയിരുന്നില്ല. സ്റ്റേഷനകത്ത് അതിക്രൂരമായി മർദിക്കുന്ന സി സി ടി വി ക്യാമറ ദൃശ്യങ്ങൾ പുറത്തുവന്നതാണ് ഇപ്പോൾ ഇത് വിവാദത്തിന് ഇടയാക്കിയത്. സി സി ടി വി ദൃശ്യങ്ങൾ മനുഷ്യാവകാശ കമ്മീഷനിൽ കൂടി വർഗീസ് ചൊവ്വന്നൂർ എന്ന കോൺഗ്രസ് നേതാവ് പോരാട്ടമാണ് അതിനു കാരണം. തന്റെ അയൽവാസികളായ യുവാക്കളെ സംശയത്തിന്റെ പേരിൽ പോലീസ് അറസ്റ്റുചെയ്തപ്പോൾ അതിനെ ചോദ്യം ചെയ്തതാണ് കോൺഗ്രസ് പ്രാദേശിക നേതാവ് കൂടിയായ യൂത്ത് കോൺഗ്രസ്സ് നേതാവിനെ പോലീസ് അറസ്റ്റ് ചെയ്തത്.

പോലീസിനെ ചോദ്യം ചെയ്തു എന്ന കാരണത്താൽ മാത്രമാണ് അറസ്റ്റ് ചെയ്ത് ജയിലിൽ കൊണ്ടുപോയതെങ്കിലും ആ യുവ നേതാവിനെ ഒരു കൊടും കുറ്റവാളിയെ കൈകാര്യം ചെയ്യുന്നപോലെയായിരുന്നു പോലീസ്സ് സ്റ്റേഷനിൽ ചെയ്തത്. അയാളുടെ കർണ്ണപടം പൊട്ടുന്ന രീതിയിൽ മുഖത്തും മറ്റും അടിച്ചാണ് പോലീസുകാർ തങ്ങളെ ചോദ്യം ചെയ്തതിന്റെ പ്രതികാരം തീർത്തത്. പോലീസിന്റെ കിരാത വേട്ടയെന്ന് തന്നെ ഇതിനെ വിളിക്കാം. അത്രയ്ക്ക് ക്രൂരമായ രീതിയിലായിരുന്നു അവർ അയാളോട് പെരുമാറിയതെന്ന് ആ ദൃശ്യങ്ങളിൽ കൂടി വ്യക്തമാണ്. തങ്ങളെ ചോദ്യം ചെയ്തതിന് ഇത്രയും ക്രൂരമായ ശിക്ഷ നൽകിയ പോലീസിന്റെ പ്രവർത്തി അതിക്രൂരമായതാണ് എന്നാൽ അതിന്റെ പേരിൽ അവർക്ക് എതിരെ എടുത്ത വകുപ്പുതല ശിക്ഷ നടപടി നിസ്സാരമായ കുറ്റത്തിന്. രണ്ട് വർഷത്തെ ഇൻക്രിമെന്റ് തടഞ്ഞു. അത് മാത്രമല്ല ഈ കുറ്റകൃത്യത്തെ ഡി ഐ ജി നിസ്സാരവൽക്കരിക്കുകയും ചെയ്തുകൊണ്ടുള്ള പ്രസ്താവനയും നടത്തി.

കസ്റ്റഡി മർദ്ദനവും കസ്റ്റഡി മരണവും കേരള പോലീസിന്റെ ചരിത്രത്തിൽ അനേകം നടന്നിട്ടുണ്ട്. അടിയന്തരാവസ്ഥയിൽ രാജൻ എന്ന എൻജിനിയറിങ് വിദ്യാർത്ഥിയുടെ കസ്റ്റഡി മരണമുൾപ്പെടെ ഒരു നീണ്ട നിര തന്നെ അതിലുണ്ട്. അതിൽ ചുരുക്കം ചില സംഭവങ്ങളിൽ പോലിസിസുകാർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഭൂരിഭാഗവും രക്ഷപ്പെടുകയാണ് ഉണ്ടായത്. ജനമൈത്രി പോലീസും സാദാ പോലീസും ഓക്ക് കേരള പോലീസിൽ ഉണ്ടെങ്കിലും ഇപ്പോഴും പോലീസ് മർദ്ദനങ്ങൾ കേരളത്തിൽ നടക്കാറുണ്ട്. അതിന് കാരണം ചില പോലീസുകാരുടെ ക്രൂരമനോഭാവമാണ്. ഇടി മുറിയും

ഇരുണ്ട മുറിയും നിന്നുമുള്ള പോലീസ് സ്റ്റേഷൻ കേരളത്തിൽ ഉണ്ട്. മൂന്നാമുറയും മുള്ളുന്ന മുറയും ഇന്നുമുണ്ട് കേരളത്തിൽ. ഇതൊന്നും വേണ്ട എന്ന അഭിപ്രായവുമില്ല. അത് കുറ്റവാളികളുടെ സ്വഭാവ രീതിക്കനുസരിച്ചായിരിക്കണം. പാശ്ചാത്യ രാജ്യങ്ങളിൽ പോലും കുറ്റവാളികൾ അക്രമാസക്തരാകുമ്പോൾ ചില അവസരങ്ങളിൽ മർദ്ദന മുറ എടുക്കാറുണ്ട്. അത് അവരുടെ സ്വഭാവ രീതിയെയും പ്രവർത്തിയെയും ആശ്രയിച്ചായിരിക്കും.



കൊടും കുറ്റവാളികളോടും അക്രമാസക്തരായ കുറ്റവാളികളോടും എടുക്കേണ്ട സമീപനമല്ല പെറ്റി കേസ്സുമായി കൊണ്ടുവരുന്ന പ്രതികളോട് ചെയ്യേണ്ടത്. എന്നാൽ പലപ്പോഴും പോലീസുകാരുടെ പ്രവർത്തി മറിച്ചായിരിക്കും. അതിനുദാഹരണമാണ് തൃശ്ശൂരിൽ യൂത്ത് കോൺഗ്രസ്സ് നേതാവിനെ നേരെ നടന്ന സംഭവം. വളരെ ചെറിയ കുറ്റത്തിന് കൊടുത്ത ശിക്ഷ അതിക്രൂരമായതായിരുന്നു. തങ്ങളെ വിമർശ്ശിച്ചു എന്ന കുറ്റത്തിന് കർണ്ണപടം പൊട്ടിപ്പോയ രീതിയിൽ മർദിച്ച് അവശനാക്കുകയാണ് പോലീസുകാർ ചെയ്തത്. അയാൾ ഔദ്യോഗിക കൃത്യ നിർവഹണം തടസ്സപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വകുപ്പുകൾ അയാൾക്ക് മേൽ ചുമത്തി കോടതിയിൽ ഹാജാരാക്കാം. അല്ലാതെ ഇത്തരത്തിൽ ക്രൂരമായ മർദ്ദനമല്ല നടത്തേണ്ടത്. ഇത് കേരള പൊലീസിന് മൊത്തത്തിൽ നാണക്കേടുണ്ടാക്കി.

ഒരാൾ മതി ഒരു കുടുംബത്തിന് മൊത്തത്തിൽ നാണക്കേടുണ്ടാക്കാൻ എന്നതുപോലെയാണ് ഈ സംഭവവും. ഇത് കേരള പൊലീസിന് മൊത്തത്തിൽ നാണക്കേടുണ്ടാക്കി.

പണ്ടുള്ള പോലീസിന്റെ സമീപനവുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ മാറ്റം വന്നിട്ടുണ്ടെങ്കിലും ഇതുപോലെയുള്ള സംഭവങ്ങൾ ഇപ്പോഴും ഉണ്ടെന്നതാണ് ഇതിൽ കുടി വ്യക്തമാവുന്നത്. മറ്റുള്ള സംസ്ഥാങ്ങളിലെ പോലീസ്സ് സേനയേക്കാൾ മികച്ച പോലീസ്സ് സേനയാണ് കേരളത്തിന്റേത്. എന്നാൽ കൈക്കരുത്ത് കാണിക്കാൻ മടിക്കാത്തവരുമുണ്ട് ഇതിൽ. അവരുടെ പ്രവർത്തി ആ മികവിനെ ഇല്ലാതാക്കുന്നുയെന്നതാണ് സത്യം. ഒരിക്കൽ ഒരമ്മാവനോട് അനന്തരവൻ ചോദിച്ചപോലെ എന്താ അമ്മാവാ ജ്ഞ്യാൻ നന്നാവാത്തത് എന്നതാണ് കേരളപോലീസിലെ ഇടിയൻമ്മാരോട് ചോദിക്കാനുള്ളത്. കുറ്റക്കാരത്തെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകണം. രാഷ്ട്രീയം നോക്കാതെ തന്നെ. കാരണം ഇന്ന് ജ്ഞ്യാൻ ജ്ഞ്യാളെ നീ എന്നപോലെ ഉണ്ടാകും.

പലപ്പോഴും ഇങ്ങനെയുള്ള കേസ്സുകളിൽ ഉൾപ്പെടുന്നവർ തെളിവുകളുടെ അഭാവത്തിൽ രക്ഷപ്പെടാറാണ് പതിവ്. എന്നാൽ ഈ കേസ്സിൽ പ്രതികളെ കുടുക്കിയത് സി സി ടി വി ക്യാമറയാണ്. അതിലെ ദൃശ്യങ്ങൾ പുറത്ത് വിടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിടുകയുണ്ടായതുകൊണ്ടാണ് ആ ദൃശ്യങ്ങൾ പുറം ലോകം അറിയുന്നത്. അതിനായി നീണ്ട പോരാട്ടം തന്നെ നടത്തുകയുണ്ടായി. അത് നടത്തിയത് വർഗീസ് ചൊവ്വന്നൂർ എന്ന കോൺഗ്രസ് നേതാവാണ്. അദ്ദേത്തിന്റെ നിച്ഛയദാർഢ്യമാണ്. അദ്ദേഹമില്ലായിരുന്നെങ്കിൽ ഈ സംഭവം പുറം ലോകം കാണില്ലായിരുന്നു. തന്റെ സഹപ്രവർത്തകനെ അതിക്രൂരമായി മർദിച്ചപ്പോൾ അത് ചെയ്തവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്ന് അദ്ദേഹം കൊടുത്ത വാക്കാണ് അതിന് കാരണം. ഒരു നേതാവ് ആരാകണം. എങ്ങനെയാകണമെന്ന് കാണിച്ചു കൊടുത്തുകൊണ്ട് എല്ലാ കോൺഗ്രസ് പ്രവർത്തകർക്കും മാതൃകയായി അദ്ദേഹം. കെ പി സി സി പ്രസിഡന്റ് സണ്ണി ജോസ്ഫും പ്രതിപക്ഷനേതാവ് വി ഡി സതീശനും രമേശ് ചെന്നിത്തലും ഉൾപ്പെടെ ഉള്ളവർ കണ്ടുപഠിക്കട്ടെ വർഗീസ് ചെവ്വന്നൂരിനെ. അദ്ദേഹം കൂടെ നിൽക്കുന്നവർക്ക് ഒപ്പം എപ്പോഴുമുണ്ടാകണമെന്ന് അദ്ദേഹം കാണിച്ചു കൊടുക്കുച്ചുകൊടുത്തു.



# മിത്രത്തെ എങ്ങനെ ശത്രുവാക്കിമാറ്റാം – ട്രംപ് സ്റ്റൈൽ

**(ലേഖനം :**
**സാം നിലംപള്ളിൽ)**

ഒറ്റരാത്രികൊണ്ട് ഉറ്റമിത്രത്തെ എങ്ങനെ ശത്രുവാക്കിമാറ്റാമെന്ന അത്ഭുതവിദ്യയാണ് ട്രംപ് ലോകത്തെ കാണിച്ചുതന്നത്. ഈ അത്ഭുതവിദ്യക്ക് നോബൽ സമ്മാനം കൊടുക്കുമെങ്കിൽ അത് അദ്ദേഹത്തിന് അർഹതപ്പെട്ടതാണ്. നോബൽ സമ്മാനം കിട്ടിയിട്ടുവേണം സമാധിയടയാൻ എന്നത് ട്രംപിന്റെ ചിരകാല അഭിലാക്ഷമാണ്. സമാധാനത്തിനുള്ള സമ്മാനം അദ്ദേഹത്തിന് കൊടുക്കണമെന്ന് പാകിസ്ഥാന്റെ സൈന്യാധിപൻ വൈറ്റ്ഹൗസിന്റെ അടുക്കളതളത്തിൽ പോയിരുന്ന് മെലേനിയ വിളമ്പിക്കൊടുത്ത പഴങ്കഞ്ഞി കുടിച്ചിട്ട് പറയുകയുണ്ടായി. ഇൻഡ്യ പാകിസ്ഥാൻയുദ്ധം അവസാനിപ്പിച്ചത് താനാണന്ന് നാഴികക്ക് നാൽപതുവട്ടം പറഞ്ഞിട്ടും നരേന്ദ്ര മോദി പ്രതികരിക്കാതിരുന്നതാണ് ട്രംപിനെ വെറളിവിടുപ്പിച്ചത്. എന്നാൽ 50 ശതമാനം താരിഫ് ചുമത്തി തന്റെരാജ്യത്തെ പാഠം പഠിപ്പിക്കുമെന്ന് പറഞ്ഞ് ട്രംപ് ഡാൻസുചെയ്യുന്ന ചിത്രവും നമ്മൾകണ്ടു. എന്നിട്ടും മോദിക്ക് ഒരുഗുഡാൻസുപോലും ചെയ്യാൻ തോന്നിയില്ല. ഇദ്ദേഹത്തിന്റെ വീരവാദങ്ങൾക്കും ഗീർവാണങ്ങൾക്കും മറുപടിപറയാൻ വിദേശകാര്യവകുപ്പിലെ പ്യൂണിനെയാണ് മന്ത്രി ജയശങ്കർ ഏർപ്പാടുചെയ്തത്. ഇതും ട്രംപിന് വലിയ ക്ഷീണമുണ്ടാക്കി.

എന്തിന്റെപേരിലാണ് ട്രംപിന് നോബൽസമ്മാനം കൊടുക്കേണ്ടതെന്നാണ് സ്വീഡിഷ് അക്കാഡമി ആലോചിക്കുന്നത്. തന്നെയുമല്ല ഇതൊക്കെ നേരത്തെ തീരുമാനിച്ച് ഉറപ്പിച്ചതാണ്. ട്രംപിന്റെപേര് ആദ്യറൗണ്ടിൽതന്നെ വെട്ടിയതുമാണ്. പേര് വീണ്ടും ഉൾപ്പെടുത്തണമെങ്കിൽ മറ്റൊരു പോംവഴിയുണ്ട്. ബദ്ധശത്രുക്കളായിരുന്ന ഇൻഡ്യയെയും ചൈന





യെയും മിത്രങ്ങളാക്കിയതിന് അവാർഡു വല്ലതുമുണ്ടെങ്കിൽ കൊടുക്കട്ടെ. അവിടെ അദ്ദേഹം കൈവരിച്ചത് വൻവിജയമാണ്. അതിർത്തിതർക്കം പരിഹരിക്കാമെന്നും പരസ്പര വ്യാപാരബന്ധം ഊട്ടിയുറപ്പിക്കാമെന്നുംപറഞ്ഞ് ഷി ജിൻ പിങ്ങ് ഇൻഡ്യൻ പ്രധാനമന്ത്രിയെ ചൈനയിലേക്ക് വിളിച്ചുകൊണ്ടുപോയി വൻസ്വീകരണം കൊടുക്കുന്നത് അമേരിക്കൻ പത്രങ്ങൾ ചിത്രം സഹിതം റപ്പോർട്ടുചെയ്തത് ജെ ഡി വാൻസും ഉഷാ വാൻസും ഒന്നിച്ചിരുന്നുകണ്ടു. ട്രംപൊരു ഇഡിയറ്റാണന്ന് നമ്മൾ പണ്ടേപറഞ്ഞതല്ലേയെന്ന് ഉഷയും പറഞ്ഞുകാണും. അടുത്ത പ്രസിഡൻഷ്യൽ ഇലക്ഷനിൽ മത്സരിക്കാൻ ടിക്കറ്റുകിട്ടുന്നതുവരെ സഹിച്ചും ക്ഷമിച്ചും ഇരിക്കാമെന്ന് തീരുമാനിച്ചു. അതുവരെ ഇയാളുടെ വളിച്ചചിരിയും ഡാൻസും സഹിക്കതന്നെ.

ഷി ജിൻ പിങ്ങ് ക്ഷണിച്ചുകൊണ്ടുപോയി വൻസ്വീകരണം കൊടുത്തെങ്കിലും അതെല്ലാം അപ്പാടെവിശ്വസിക്കാൻ മോദി ട്രംപിന്റെ കൂട്ട് വിഡ്ഡ്യാനല്ല. തൽകാലം സൗഹൃദം, പിന്നെ വഴിപോലെ കാര്യങ്ങൾ നോക്കാം, ഇതാണ് അദ്ദേഹത്തിന്റെ നയം. നല്ലതിനാണങ്കിൽ ഞങ്ങളും കൂടെയുണ്ട്., ഇല്ലെങ്കിൽ ഞങ്ങൾക്ക് ഞങ്ങടെ വഴി, നിങ്ങൾക്ക് നിങ്ങടെവഴി. പാകിസ്ഥാനിൽ വൻതുകമുടക്കി റോഡുകൾ പണിതും തുറമുഖവും എയർപോർട്ടും നിർമ്മിച്ചും ഫലപ്രാപ്തിയിലെത്താതെ വിഷമിക്കയാണ് ചൈന. ബില്ല്യൺസ് മുടക്കിയുംപോയി പത്തുപൈസ തിരികെകിട്ടിയതുമില്ല., ഇനിയിപ്പം എന്തുചെയ്യും ? ചൈനകൊടുത്ത ആയുധങ്ങൾ നിലംതൊടുന്നതിനുമുൻപ് ഇൻഡ്യ തവിടുപൊടിയാക്കി ലോകത്തിന് കാണിച്ചുകൊടുത്തു. ലോക ആയുധവിപണിയിൽ അങ്ങനെ ചൈനീസ് യുദ്ധവിമാനങ്ങളുടെയും മിസൈലുകളുടെയും മാർക്കറ്റ് ഇടിയുകയും ചെയ്തു. ഇനിയിപ്പം ഇൻഡ്യുമായി കൂട്ടുകൂടുകതന്നെ മെച്ചമെന്ന് ഷി ജിൻ വിചാരിച്ചെങ്കിൽ അത്ഭുതപ്പെടാനില്ല.

ലോകത്തിലെ നാലാംസാമ്പത്തികശക്തിയായി വളർന്ന ഇൻഡ്യൻഎക്കോണമിമൃതപ്രായമായതാണന്നാണ് ട്രംപിന്റെ അഭിപ്രായം. ഭയത്തോടും വേദനയോടുംകൂടി പറയട്ടെ അമേരിക്കൻ എക്കോണമിയല്ലേ മൃതപ്രായത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത് അമേരിക്കക്കും ഇൻഡ്യക്കും, പ്രത്യേകിച്ച് അമേരിക്കയിൽ ജീവിക്കുന്ന ഇൻഡ്യാക്കാർക്ക് അഭിലക്ഷണീയമല്ല. ഈയൊരു വൻഅപകടം മനസിലാക്കി ഇൻഡ്യപോലുള്ള ജനാധിപത്യരാജ്യങ്ങളുമായി കൈകോർത്ത് പരസ്പരം വളർന്നുവരാനാണ് ബുദ്ധിയുള്ള അമേരിക്കൻ നേതാക്കൾ ശ്രദ്ധിക്കേണ്ടത്. വൻതാരീഫ് ചുമത്തി ലോകരാജ്യങ്ങളെ തളർത്താമെന്ന് ട്രംപ് വിചാരിക്കുന്നെങ്കിൽ അദ്ദേഹത്തിന്റെ സാമ്പത്തികനയം രാജ്യത്തെ അപകടത്തിലേക്ക് നയിക്കുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ഒബാമയും ഓപ്രവിൻഫ്രിയും ഇക്കാര്യം പറഞ്ഞുകഴിഞ്ഞു.

**ലോകത്തിലെ നാലാംസാമ്പത്തികശക്തിയായി വളർന്ന ഇൻഡ്യൻ എക്കോണമി മൃതപ്രായമായതാണന്നാണ് ട്രംപിന്റെ അഭിപ്രായം. ഭയത്തോടും വേദനയോടുംകൂടി പറയട്ടെ അമേരിക്കൻ എക്കോണമിയല്ലേ മൃതപ്രായത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത് അമേരിക്കക്കും ഇൻഡ്യക്കും, പ്രത്യേകിച്ച് അമേരിക്കയിൽ ജീവിക്കുന്ന ഇൻഡ്യാക്കാർക്ക് അഭിലക്ഷണീയമല്ല.**


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**ജിജോ മാത്യു**

ഡാളസ്: തീക്കോയി വേലത്തുശ്ശേരി മുത്തനാട്ട് മാത്യുവിന്റെയും അരുവിത്തുറ മാളിയേക്കൽ കുടുംബാംഗമായ പെണ്ണമ്മയുടെയും മകൻ ജിജോ മാത്യു (ജെയ്സൺ, 48) ഡാലസിൽ സെയിന്റ് പോളിൽ അന്തരിച്ചു. പാലാ കടനാട് വടക്കേക്കര കുടുംബാംഗം ദിവ്യയാണ് ഭാര്യ. മക്കൾ: ജെയ്ഡൻ, ജോർഡിൻ. ഏക സഹോദരി: ഷെറിൻ, സഹോദരി ഭർത്താവ്: സിൽജോ കോമരത്താക്കുന്നേൽ മൂന്നിലവ്.

**ജോബിന ജോസ്**

ചേലക്കൊമ്പ്കാഞ്ഞിരത്തുംമൂട്ടിൽ (വാലുപറമ്പിൽ) തങ്കച്ചന്റെയും വത്സമ്മയുടെയും മകൾ ജോബിന ജോസ് (20) അന്തരിച്ചു.

**സന്തോഷ്കുമാർ**

തെള്ളകം:പരേതനായ നാരായണൻകുട്ടിയുടെയും കുഞ്ഞു മണിയുടെയും മകൻ സന്തോഷ്കുമാർ (54) അന്തരിച്ചു




**സാറാമ്മ അലക്സാണ്ടർ**

ഡാലസ്: ചെങ്ങന്നൂർ അങ്ങാടിക്കൽ പടവുപുരക്കൽ പരേതനായ പി.സി.അലക്സാണ്ടറുടെഭാര്യ സാറാ മ്മ അലക്സാണ്ടർ (94) അന്തരിച്ചു. പരേത തുമ്പമൺ വടക്കേടത്ത് മാമ്പിലാലിൽ കുടുംബാംഗമാണ്. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ നേതാക്കളായ ചെറിയാൻ അലക്സാണ്ടർ, വർഗ്ഗീസ് അലക്സാണ്ടർ (ഇരുവരും ഡാലസ്), ഡോ.തോമസ് അലക്സാണ്ടർ (അയർലന്റ്) എന്നിവരാണ് മക്കൾ. മരുമക്കൾ: ലൈല അലക്സാണ്ടർ, സൂസൻ അലക്സാണ്ടർ, ഡോ.സാലി തോമസ്.

**ജോസഫ് വർഗീസ്**

കടുത്തുരുത്തി:വെള്ളാശേരി തെക്കിനേഴത്ത് ജോസഫ് വർഗീസ് (69) അന്തരിച്ചു. മൂത്തേടത്തുകാവ് കൊട്ടാരപ്പള്ളി തെക്കിനേഴത്ത് കുടുംബാംഗമാണ്. ഭാര്യ: തോട്ടുവ കാഞ്ഞിരത്തുങ്കൽ താര ജോസഫ്.



**ടി. ടി. മാത്യു**

ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിൽ വുമൺ ഫോറം പ്രസിഡന്റ് ശ്രീമതി ഷൈലാ രാജന്റെ പിതാവ് തെക്കേവീട്ടിൽ ടി. ടി. മാത്യു (83) അന്തരിച്ചു. ഭാര്യ : പരേതയായ ലീലാമ്മ മാത്യു. മക്കൾ : ഷൈല, ഷെറിൻ.

**ഡോ. ജോർജ് ഇട്ടിച്ചെറിയ**

കൊല്ലാട്: ഡോ. ജോർജ് ഇട്ടിച്ചെറിയ (കുഞ്ഞുമോൻ 86) അന്തരിച്ചു.ഭാര്യ: തിരുവല്ല കുന്നുതറയിൽ ജെസി കെ.മാത്യു. മക്കൾ: ഡോ. പ്രവീൺ ജോർജ് ഇട്ടിച്ചെറിയ, ഡോ. പ്രമീത ജോർജ് ഇട്ടിച്ചെറിയ (വൈസ് പ്രിൻസിപ്പൽ പുഷ്പഗിരി ഡെന്റൽ കോളജ് തിരുവല്ല). മരുമക്കൾ: ഡോ. ജയ അന്ന ചെറിയാൻ നാട്ടകംപറമ്പിൽ പാമ്പാടി (ഡോ. പ്രവീൺസ് ഡെന്റൽ ക്ലിനിക് മണർകാട്), ഡോ. സജി ചെറിയാൻ നീലംപിലാലിൽ സിജോൺ ഡെന്റൽ ക്ലിനിക്).



**കെ വി മാത്യു**

തിരുവനന്തപുരം;കേശവദാസപുരം കൈലാസ് നഗർ സ 18 -ൽ റിട്ട.സീനിയർ ഓഡിറ്റ് ആഫീസർ (എ ജി സ്) കരമുണ്ടക്കൽ കെ വി മാത്യു (90) അന്തരിച്ചു.ഭാര്യ: ചങ്ങനാശേരി പാലാത്തറ സെലിൻ ജോസഫ് (റിട്ട പ്രിൻസിപ്പൽ സെന്റ് മേരിസ് റ്റി റ്റി ഐ, പട്ടം) മക്കൾ: ആൻസി മാത്യു (മേധാവി, സിവിൽ വിഭാഗം സെന്റ് ജോസഫ് കോളേജ്, പാല), അജോയ് മാത്യു (ബിസിനസ്) തിരുവനന്തപുരം. മരുമക്കൾ: ബോസ് ജോസെഫ് മൂന്നുമാക്കൽ (റിട്ട.ഡെപ്യൂട്ടി ഡയറക്ടർ), ഷീബ ജോൺ തോമ്പിൽ (ടീച്ചർ സെന്റ് മേരിസ് ഹൈ സെക്കൻഡറി പട്ടം).

**എം.എ.ഷാ ജിമോൻ**

വെള്ളൂർ:മൂഴിക്കോട് മിഷൻപറമ്പിൽ എം.എ.ഷാജിമോൻ (56) അന്തരിച്ചു. കാരിക്കോട് ചുമക്കേരി കുടുംബാംഗമാണ്. ഭാര്യ: പി.എ.കല.



**നിമ**

ഓട്ടവ: കാനഡയിൽ ഹൃദയാഘാതത്തെ തുടർന്ന് മലയാളി യുവതി മരിച്ചു. മൂത്തണ്ടാശ്ശേരി മോഹൻദാസിന്റെയും നളിനിയുടെയും മകൾ നിമ (36) ആണ് മരിച്ചത്.

**പെണ്ണമ്മ സ്കറിയ**

കാഞ്ഞിരമറ്റം:വട്ടക്കാവുങ്കൽ പെണ്ണമ്മ സ്കറിയ (83) അന്തരിച്ചു.ചെങ്ങളം വയലുങ്കൽ കുടുംബാംഗമാണ്. ഭർത്താവ്: വി.വി.സ്കറിയ. മക്കൾ: ജോഷി സക്കറിയാസ്, ജോളി ജോർജ്. മരുമക്കൾ: മിനി ജോഷി പാംബ്ലാനിയിൽ പൈക, ജോർജ് ജോസഫ് വടക്കേവെട്ടുവഴിയിൽ കടുത്തുരുത്തി.

**പി.വി.തോമസ്**

ചെമ്പിളാവ്:പുളിക്കൽ പി.വി.തോമസ് (70) അന്തരിച്ചു. ഭാര്യ: ചക്കാമ്പുഴ ഇടിവെട്ടിയാനിക്കൽ മേഴ്സി. മക്കൾ: ടോംസ്, ടിൻസ്. മരുമകൾ: നീതു മറ്റത്തിൽ കെഴുവംകുളം.



**ബിനോയ് ഡാനിയേൽ**

ന്യൂയോർക്ക് / വടശേരിക്കര: റോക്ക്‌ലാൻഡിൽ കോങ്കേഴ്സിൽ താമസിക്കുന്ന വടശേരിക്കര ചുവന്ന പ്ലാക്കൽ ബിനോയ് ഡാനി യേൽ, 52, നാട്ടിൽ അന്തരിച്ചു.

**ജോയി സ്കറിയ**

കോതനല്ലൂർ:കൊല്ലംപറമ്പിൽ ജോയി സ്കറിയ (69) അന്തരിച്ചു.ഭാര്യ: വയലാ ചന്ദ്രൻകുന്നേൽ കടുവാനയിൽ റോസമ്മ ജോയി. മക്കൾ: ജോഷി ജോയി (യുകെ), ഷാജൻ ജോയി (ഓസ്ട്രേലിയ). മരുമക്കൾ: റീന ജോഷി (യുകെ), ലിന്റ മരിയ പാറശേരിൽ (ഓസ്ട്രേലിയ).

**പി.ജി.സുഭാഷ്**

മള്ളൂശേരി:പ്ലാക്കുഴിയിൽ പരേതനായ ഗോവിന്ദന്റെയും അമ്മുക്കുട്ടിയുടെയും മകൻ പി.ജി.സുഭാഷ് (47) അന്തരിച്ചു.



**ഫിലിപ്പ് തോമസ്**

ലേക്ക് ലാൻഡ്: കുമ്പഴ വടക്ക് മുട്ടത്ത് ഫിലിപ്പ് തോമസ് (പാപ്പി - 96) ആഗസ്റ്റ് 20 ന് ഫ്ളോറിഡയിൽ അന്തരിച്ചു. ഭാര്യ: പരേതയായ കുമ്പഴ പ്ലാവേലിൽ ആയിരുകുഴിൽ അന്നമ്മ ഫിലിപ്പ്. മക്കൾ: അന്നമ്മ ജോൺസൺ (ഡാളസ്), രാജു ഫിലിപ്പ് (ഫ്ളോറിഡ), വർഗീസ് ഫിലിപ്പ് (ലാലു - ഫ്ളോറിഡ), ജെയിംസ് ഫിലിപ്പ് (മിഷിഗൺ), ജോളി ചാക്കോ (ഒക്കലഹോമ).മരുമക്കൾ: ജെയിംസ് ജോൺസൺ, ലീലാമ്മ രാജു ജോയിസ് വർഗീസ്, ഗ്രേസ് ഫിലിപ്പ്, കൊരുത് ചാക്കോ (എല്ലാവരും യു എസ്).

**പി.എ.കുട്ടൻ**

കടുത്തുരുത്തി:പാലാംപറമ്പിൽ പി.എ.കുട്ടൻ (73) അന്തരിച്ചു.



**മേരിക്കുട്ടി ജേക്കബ്**

കിടങ്ങൂർ: മേവട വലിയ വീട്ടിൽ ജേക്കബ് പി.കെ.യുടെ ഭാര്യ മേരിക്കുട്ടി ജേക്കബ് (65) അന്തരിച്ചു. പരേത കിടങ്ങൂർ അടയാനൂർ കുടുംബാംഗമാണ്. മക്കൾ: ജിനോ ജേക്കബ്, മനോ ജേക്കബ്. മരുമക്കൾ: സിൻസി മാത്യു, നടുവിലേടത്ത് കൂത്താട്ടുകുളം, എൽസബത്ത് മാത്യു കുന്നത്ത് കരിങ്കുന്നം (എല്ലാവരും യു.കെ).

**ലീലാമ്മ സഖറിയ**

ചിങ്ങവനം:മാലത്തുശേരിൽ ലീലാമ്മ സഖറിയ (87) അന്തരിച്ചു. നീലംപേരൂർ കൊട്ടാരക്കളത്തിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ എം.സി.സഖറിയ (മാലത്തുശേരിൽ മെഡിക്കൽസ്). മക്കൾ: സാമോൾ, സോമോൾ, സലിമോൾ, സുജ, സജി.



**മോളി ഫിലിപ്പ്**

കുമരകം: വെന്നലശ്ശേരിൽ മോളി ഫിലിപ്പ് (76) അന്തരിച്ചു പരേതനായ വെന്നലശ്ശേരിൽ ജോർജ് ഫിലിപ്പിന്റെ ഭാര്യ. മക്കൾ: ജോസഫ് ഫിലിപ്പ്, ജേക്കബ് ഫിലിപ്പ്, മിനി ഫിലിപ്പ്, ജോർജ് വെന്നലശ്ശേരിൽ. മരുമക്കൾ: മേരി മൂശ്ശാരിയിൽ, മിനി വല്ലയിൽ, ജെയിംസ് കറ്റുവീട്ടിൽ, മിനി കൊരട്ടിയിൽ.

**മേരിക്കുട്ടി ജേക്കബ്**

മേവട:വലിയവീട്ടിൽ പി.കെ.ജേക്കബിന്റെ ഭാര്യ മേരിക്കുട്ടി ജേക്കബ് (65) അന്തരിച്ചു. മക്കൾ: ജിനോ ജേക്കബ്, മനോ ജേക്കബ്. മരുമക്കൾ: സിൻസി മാത്യു നടുവിലേടത്ത് കൂത്താട്ടുകുളം, എൽസബത്ത് മാത്യു കുന്നത്ത് കരിങ്കുന്നം (എല്ലാവരും യുകെ).



**അച്ചാമ്മ**

പുന്നത്തുറ: കിടങ്ങൂർ സൗത്ത്, ഇടമന (കാക്കനാട്ട്) പരേതനായ മത്തായിയുടെ ഭാര്യ അച്ചാമ്മ (98) അന്തരിച്ചു. പരേത കൂടല്ലൂർ മാപ്ളേട്ട് കുടുംബാംഗമാണ്. മക്കൾ : സൈമൺ, ഗ്രേസി, മാത്യു, സിറിയക്. മരുമക്കൾ : പരേതയായ ബ്രിജിത്, ജോർജ്, സാലി, ക്ലാര.

**ആർ.എം.സീനത്ത്**

കങ്ങഴ:പഴുക്കാകുളം രണ്ടുമാക്കൽ പരേതനായ മുഹമ്മദ്കുഞ്ഞുറാവുത്തരുടെ മകൾ ആർ.എം.സീനത്ത് (57) അന്തരിച്ചു. ഭർത്താവ്: വടക്കേക്കര തകടിയേൽ ഷാജഹാൻ.

**അന്നം**

കൂടാലപ്പാട്:തെക്കേമാലി അന്നം (84) അന്തരിച്ചു. മുടക്കിരായി പുളിയേലി കുടുംബാംഗമാണ്.



THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News